പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും
# (WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

**(2020 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31ST MARCH, 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th August, 2020)

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**2020**

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2020

# പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി V
## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

# പീരിയോഡിക്കൽ റിപ്പോർട്ട്
(2020 മാർച്ച് 31 വരെയുള്ളത്)

# PERIODICAL REPORT AS ON 31ST MARCH, 2020

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

592/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 14 |

# സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ജി. സുധാകരൻ,

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. എ. കെ. ശശീന്ദ്രൻ,

ഗതാഗത വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ജയശ്രീ എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്. വി. അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2019-2021) 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 28-5-2019, 27-6-2019, 28-6-2019, 30-7-2019, 29-8-2019, 14-11-2019, 26-12-2019, 18-2-2020, 20-2-2020, 26-2-2020 എന്നീ തീയതികളിലായി 10 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2019 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 235 എ പ്രകാരം വിവിധ വിഷയങ്ങളിന്മേലുള്ള ചർച്ച, 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട് പരിഗണന എന്നിവയ്ക്കാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 49.5% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - a. 20019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b. സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള, നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII- സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2020 ജൂലൈ 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2020 ജൂലൈ 22.

## അദ്ധ്യായം - I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 27-6-2019-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 1-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 27-6-2019-ലെ യോഗത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 1-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം - II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

ഇല്ല.

## അദ്ധ്യായം - III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

സമിതിയുടെ 28-5-2019-ലെ യോഗം 2018-ലെ കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. കൂടാതെ പ്രസ്തുത യോഗത്തിൽ 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 92 A, 105 എന്നിവ ഭേദഗതി ചെയ്യുന്ന 'The Kerala Motor Vehicles (Second Amendment) Rules, 2019', 'The Kerala Motor Vehicles (Third Amendment) Rules, 2019' എന്നിവയുടെ കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 30-7-2019-ലെ യോഗം 2017-ലെ കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 682/2017), 2017-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 748/2017), 2017-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 6/2018), 2018-ലെ കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 761/2018), 2018-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 843/2018), 2018-ലെ കേരള മോട്ടോർ വാഹന (ഒന്നാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 858/2018), 2018-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 900/2018) എന്നിവ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

സമിതിയുടെ 29-8-2019-ലെ യോഗം 2017-ലെ കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ കരട് പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. കൂടാതെ പ്രസ്തുത യോഗത്തിൽ 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 371, 95(10) എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## <u>അദ്ധ്യായം - IV</u>

## ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ച വിശദാംശം

സമിതിയുടെ 29-8-2019-ലെ യോഗം 'കേരളത്തിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ, 'സ്വകാര്യ ഏജൻസികൾ നടത്തുന്ന അന്തർസംസ്ഥാന ബസ് സർവ്വീസുകളുടെ മേൽനോട്ടത്തിനായി ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ', 'കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സംസ്ഥാനത്തെ തുറമുഖ പദ്ധതികൾ' എന്നീ വിഷയങ്ങൾ പരിഗണിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സമിതിയുടെ 14-11-2019-ലെ യോഗം 'ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ', ' വൈദ്യുത വാഹന നയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ' എന്നീ വിഷയങ്ങൾ പരിഗണിച്ചു.

## <u>അദ്ധ്യായം - V</u>

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തു വച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| XLI—ഗതാഗതം | 2016-17 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 26-6-2019 |
| XL—തുറമുഖങ്ങൾ | 2017-18 | മത്സ്യബന്ധന തുറമുഖ വകുപ്പ് (തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (പോർട്ട് സെക്ടർ), ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്) | 26-6-2019 |

| 1 | 2 | 3 | 4 |
|---|---|---|---|
| XV—പൊതുമരാമത്ത് | 2017-18 | പൊതുമരാമത്ത് വകുപ്പ് | 26-6-2019 |
| XL—തുറമുഖങ്ങൾ | 2018-19 | മത്സ്യബന്ധന തുറമുഖ വകുപ്പ് (തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്) (കാലതാമസപത്രിക സഹിതം) | 6-2-2020 |
| XV—പൊതുമരാമത്ത് | 2018-19 | പൊതുമരാമത്ത് വകുപ്പ് (കാലതാമസപത്രിക സഹിതം) | 6-2-2020 |

## അദ്ധ്യായം - VI

a. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 127 | 11-105, 108-116<br>127 | 1-10, 106, 107<br>117-126 | 22 |

b. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 2017-18 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ : 4540/സബ്. സി.എ 2/17/നി.സെ.)

ശിപാർശ

3056-00-001-99-05-2— ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും- മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്

പുതിയതായി ഡ്രൈഡോക്ക് സംവിധാനം നിലവിൽ വന്നതിനാൽ ബോട്ട് റിപ്പയർ കൂടുതലായി നടക്കുകയും ആയതിലേക്കായി അധിക വൈദ്യുത ചെലവ് ഉണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 107)

സ്വീകരിച്ച നടപടി

വകുപ്പിലെ അധിക വൈദ്യുത ആവശ്യകത നേരിടുന്നതിന് സ.ഉ.(ആർ.റ്റി.) നമ്പർ 459/2018/ധന. തീയതി 19-1-2018 പ്രകാരം 1,60,000-രൂപ അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(ഫ. നമ്പർ : 31/ഡി1/2019/ഗതാ. തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

3056-00-001-98— ഉൾനാടൻ ജലഗതാഗതം -ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - ഓഫീസ് ചെലവുകൾ

2017-18 വർഷത്തേയ്ക്ക് കൂടുതൽ മെഡിക്കൽ ബില്ലുകൾ പാസ്സായി വരുമെന്നുള്ളതിനാൽ 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയും ബോട്ടുകളുടെ ഫിറ്റ്നെസ്സ് ചാർജ്ജ്, രജിസ്ട്രേഷൻ ഫീസ് എന്നിവ നല്കാനുള്ളതിനാൽ 06-വാടക, കരം, നികുതി ഇനത്തിൽ 1.20 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 108)

സ്വീകരിച്ച നടപടി

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ശീർഷകത്തിൽ അധിക തുകയൊന്നും ലഭ്യമായിട്ടില്ല ബോട്ടുകളുടെ രജിസ്ട്രേഷൻ/ഫിറ്റ്നസ് സംബന്ധമായ ഫീസുകൾ നൽകുന്നതിന് സ.ഉ.(ആർ.റ്റി.)

നമ്പർ : 9437/2017/ധന., തീയതി 19-12-2017 പ്രകാരം 35,000 രൂപയും സ.ഉ.(ആർ.റ്റി.) നമ്പർ : 459/2018/ധന., തീയതി 19-1-2018 പ്രകാരം 30,000 രൂപയും അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(റഫറൻസ് നമ്പർ : 31/ഡി1/2019/ഗതാ. തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019- ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

3056-00-001-98-34(3)— <u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും- ഓപ്പറേഷൻ - മറ്റു ചെലവുകൾ - മറ്റിനം</u>

വകുപ്പിൽ പുതിയ സർവ്വീസുകൾ നടപ്പിലായതിനാൽ ഇന്ധന ചെലവ് വർദ്ധിക്കുന്ന സാഹചര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 109)

<u>സ്വീകരിച്ച നടപടി</u>

ബോട്ടുകളുടെ അധിക ഇന്ധന ചെലവ് നേരിടുന്നതിന് സ.ഉ.(ആർ.റ്റി.) നമ്പർ : 459/ 2018/ധന., തീയതി 19-1-2018, സ.ഉ. (ആർ.റ്റി.) നമ്പർ : 2017/2018/ധന., തീയതി 15-3-2018 എന്നിവ പ്രകാരം 2 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു

(റഫറൻസ് നമ്പർ : 31/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

3056-00-001-97-12— <u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റ പണികളും സംരക്ഷണവും-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് തുക നൽകേണ്ടതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 110)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 31/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

3056-00-800-99-34(3)— <u>ഉൾനാടൻ ജലഗതാഗതം - മറ്റു ചെലവുകൾ - മറ്റിനം</u>

ബോട്ട് യാത്രക്കാർ, തേർഡ് പാർട്ടി ഇൻഷ്വറൻസ് എന്നിവയ്ക്ക് വർദ്ധിച്ച പ്രീമിയം തുക നൽകേണ്ടതിനാൽ 1.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 111)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ : 31/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

5056-00-104-85-(01)— <u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - നാവിഗേഷൻ-കേരള പരിപ്രേഷ്യ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ - കൊച്ചി സംയോജിത ജലഗതാഗത പദ്ധതി</u>

കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട വായ്പാ പദ്ധതി കരാറുകൾ ഒപ്പിട്ടതായി സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 32.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 117)

<u>സ്വീകരിച്ച നടപടി</u>

25-3-2017-ലെ സ.ഉ.(കൈ.)നമ്പർ 01/2017/CSIND നമ്പർ ഉത്തരവ് പ്രകാരം കൊച്ചി നഗരവുമായി ബന്ധപ്പെട്ട കനാലുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് "ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന സമഗ്ര ജലഗതാഗത പദ്ധതി

പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ (KSINC) മുഖേന 'നാറ്റ്പാക്' -നെ നിയോഗിച്ച നടപടി സാധൂകരിച്ചുകൊണ്ടും നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകുന്നതിനും പദ്ധതി കിഫ്ബി അംഗീകരിക്കുകയാണെങ്കിൽ പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ നിയമിക്കുന്നതിനും അനുമതി നൽകിയിരുന്നു. തുടർന്ന് 27-7-2018-ൽ കെ.എസ്.ഐ.എൻ.സി., നാറ്റ്പാക്ക് തയ്യാറാക്കിയ പഠനറിപ്പോർട്ടും DPR-ഉം സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ഇവ പരിശോധിക്കുകയും ഈ ബൃഹദ്പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പരിചയസമ്പത്തും സാധന സാമഗ്രികളും കെ.എസ്.ഐ.എൻ.സി.-ക്ക് ഇല്ലാത്തതിനാൽ വാട്ടർമെട്രോ പദ്ധതി നടപ്പിലാക്കുന്ന കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) SPV ആയി നിയമിച്ചു കൊണ്ട് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 12-11-2018-ലാണ് തത്ത്വത്തിൽ അംഗീകാരം നൽകിയത്. ഇക്കാരണത്താൽ അധികമായി ശിപാർശ ചെയ്ത തുക അനുവദിക്കേണ്ടി വന്നില്ല.

(റഫറൻസ് നമ്പർ : എ 1/88/2017/സി.എസ്.ഐ.എൻ.ഡി., തീയതി : 11-4-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു.)

## 2016-17 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4509/സബ്.സി.എ 2/2016/നി.സെ.)

### ശിപാർശ

3056-00-001-99-01(4)— ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - ശമ്പളം(മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്)

ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ മാറുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

### സ്വീകരിച്ച നടപടി

ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ മാറുന്നതിന് ടി വർഷം ജി.ഒ.(ആർ.റ്റി.) നമ്പർ 7261/2016/ധന. തീയതി 3-9-2016 പ്രകാരം 1,50,000 രൂപ Additional Authorisation അനുവദിച്ചു.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3056-00-001-99-05(3)— ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ്-ഓഫീസ് ചെലവുകൾ (ടെലിഫോൺ ചെലവ്)

സ്പാർക്ക്, ബ്രോഡ്ബാന്റ് കണക്ഷനുമായി ബന്ധപ്പെട്ട് വരുന്ന അധിക ബിൽ തുക നൽകാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 80,000 രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സ്വീകരിച്ച നടപടി

വകുപ്പിലെ ടെലിഫോൺ ബില്ലുകൾ മാറുന്നതിന് ടി വർഷം ജി.ഒ.(ആർ.റ്റി.) നമ്പർ 982/2017/ധന., തീയതി 14-3-2017 പ്രകാരം 10,000 രൂപ Additional Authorisation അനുവദിച്ചു.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3056-00-001-99-21(1)— ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ്-മോട്ടോർ വാഹനങ്ങൾ (പുതിയ വാഹനം വാങ്ങൽ)

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 21(1) എന്ന ഉപശീർഷകം ഉൾപ്പെടുത്തിയിട്ടില്ലായെന്നും വകുപ്പിന് പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രസ്തുത ഉപശീർഷകത്തിൽ നിലവിൽ ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു ആയതിനാൽ പ്രസ്തുത ഉപശീർഷകം ഉൾപ്പെടുത്തി 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 108)

സ്വീകരിച്ച നടപടി

അധിക തുക ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

3056-00-001-98-01(4)— <u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - ശമ്പളം (മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്)</u>

മെഡിക്കൽ ബില്ലുകൾ മാറുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 14.19 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 109)

സ്വീകരിച്ച നടപടി

വകുപ്പിലെ ഓപ്പറേഷൻ വിഭാഗത്തിലെ മെഡിക്കൽ ബില്ലുകൾ മാറുന്നതിന് ടി വർഷം ജി.ഒ. (ആർ.റ്റി.) നമ്പർ 1982/2017/ധന., തീയതി 14-3-2017 പ്രകാരം 18,97,000 രൂപ Additional Authorisation അനുവദിച്ചു.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3056-00-001-98-06— <u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വാടക, കരം, നികുതി</u>

വകുപ്പിന്റെ സർവ്വീസ് ബോട്ടുകളുടെ ഫിറ്റ്നസ്, ലൈസൻസ് എന്നിവ പുതുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 110)

സ്വീകരിച്ച നടപടി

വകുപ്പിന്റെ സർവ്വീസ് ബോട്ടുകളുടെ ഫിറ്റ്നസ്, ലൈസൻസ് എന്നിവ പുതുക്കുന്നതിനായി ടി വർഷം ജി.ഒ.(ആർ.റ്റി.) നമ്പർ 1982/2017/ധന., തീയതി 14-3-2017 പ്രകാരം 50,000 Additional Authorisation അനുവദിച്ചു.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3056-00-001-98-34(3)— ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻ - മറ്റു ചെലവുകൾ (മറ്റിനം)

ഡീസലിന്റെ വില വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചെലവ് നേരിടുന്നതിന് നിലവിലെ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 111)

സ്വീകരിച്ച നടപടി

അധിക തുക ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3056-00-001-97-01(4)— ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റപ്പണികളും സംരക്ഷണവും-ശമ്പളം (മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്)

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 112)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-9-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3056-00-800-99-10 - ഉൾനാടൻ ജലഗതാഗതം - മറ്റു ചെലവുകൾ - മറ്റു ചെലവുകൾ - സംഭാവന

വകുപ്പിലെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലെ ജീവനക്കാരുടെ ഇ.പി.എഫ്., ഇ.എസ്.ഐ. വിഹിതം അടയ്ക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 113)

സ്വീകരിച്ച നടപടി

വകുപ്പിലെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലെ ജീവനക്കാരുടെ ഇ.പി.എഫ്., ഇ.എസ്.ഐ. വിഹിതം അടയ്ക്കുന്നതിന് നടപ്പുവർഷം ജി.ഒ.(ആർ.റ്റി.) നമ്പർ 7261/2016/ധന., തീയതി 3-9-2016 പ്രകാരം 15,000 രൂപയും ജി.ഒ.(ആർ.റ്റി.) നമ്പർ 1982/2017/ധന., തീയതി 14-3-2017 പ്രകാരം 10,000 രൂപയും Additional Authorisation അനുവദിച്ചു.

(റഫറൻസ് നമ്പർ 41/ഡി1/2019/ഗതാ., തീയതി : 30-5-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

പൊതു ശിപാർശ

കൊല്ലം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള കനാലുകളിലെ ബോട്ടുയാത്ര സുഗമമാക്കുന്നതിനായി കനാലുകളിലെ പായലും പോളയും കാലാകാലങ്ങളിൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

സ്വീകരിച്ച നടപടി

വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയപാത ആണ്. തുടർന്ന് കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗവും ദേശീയ ജലപാത മൂന്നിലെ ഭാഗമായി 2016-ൽ കേന്ദ്രസർക്കാർ വിജ്ഞാപനം നടത്തിയിട്ടുണ്ട്. ഈ ഭാഗത്തിലെ എല്ലാ പ്രവൃത്തികളും കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (ഐ.ഡബ്ല്യൂ.എ.ഐ.) ആണ് നടത്തുന്നത്.

കോഴിക്കോട് മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള ഭാഗങ്ങളും ദേശീയ ജലപാത-3-ൽ ഉൾപ്പെടാത്ത കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലാശയങ്ങളുടെയും നദികളുടെയും ഭാഗമായി വരുന്ന ജലാശയ പാതയിൽ പായലും പോളയും വളരുന്നതും ആയത് ജലഗതാഗതത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനുമായി അത്യാവശ്യമായ ഭാഗങ്ങളിൽ നാവിഗേഷന് ആവശ്യമായിവരുന്ന രൂപത്തിൽ പോളയും പായലും മാറ്റുന്നതിനും ആഴം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് ഡ്രഡ്ജിംഗ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

2017-18-ൽ ചേർത്തല മുനിസിപ്പാലിറ്റി എസ്.എസ്. കനാലിന്റെ ഹൈവേബ്രിഡ്ജ് മുതൽ വയലാർ കാര്യവട്ടം കായൽ വരെ പോള നീക്കലും ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണത്തിനുമായി 43.18 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു. കോട്ടയം ജില്ലയിലെ കോട്ടയം-ആലപ്പുഴ ബോട്ട് റൂട്ടിൽ പോളനീക്കം ചെയ്ത് എക്കലും ചെളിയും മാറ്റി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ടെണ്ടർ നടത്തി തുടർ നടപടികൾ എടുത്ത് വരുന്നു. പള്ളാത്തുരുത്തി ഫീഡർ കനാലിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.

വളപട്ടണം-കൊറ്റി ജലപാതയിൽ സുൽത്താൻ കനാലിന്റെ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള നവീകരണത്തിനായി 2.75 കോടി രൂപയുടെ ടെണ്ടർ നടത്തി കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലാണ്.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 12-4-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

## പൊതു ശിപാർശ

കോട്ടപ്പുറം-കൊല്ലം ജലപാത പദ്ധതി സംബന്ധിച്ച പ്രായോഗിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

## സ്വീകരിച്ച നടപടി

കോട്ടപ്പുറം മുതൽ കൊല്ലം വരെയുള്ള 165 കി.മീ. ജലപാത ദേശീയ ജലപാത-3 ആയി കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഈ ഭാഗങ്ങളിലെ പ്രവൃത്തികൾ നടത്തുന്നത് കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ്.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 12-4-2019)

(കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

## അദ്ധ്യായം - VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

### 2020-2021 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

18-2-2020, 20-2-2020 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി 2020-2021 സാമ്പത്തിക വർഷത്തെ IX, XV, XL, XLI എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 26-2-2020-ലെ യോഗത്തിൽ പ്രസ്തുത ശിപാർശകളടങ്ങിയ കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2020 ജൂലൈ 22.

<u>അനുബന്ധം</u>

## 28-5-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2019 മേയ് 28-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനശേഷം വൈകിട്ട് 3.40 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീമതി കെ. മിനി, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീമതി ആർ. ഷീല റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. സുധീഷ് കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ
6. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
7. ശ്രീ. വി. സുരേഷ് കുമാർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

8. ശ്രീ. എസ്. സാജു, ഡയറക്ടർ (ഇൻ ചാർജ്ജ്), ഡയറക്ടറേറ്റ് ഓഫ് ഇൻലാന്റ് നാവിഗേഷൻ

9. ശ്രീ. ടി. ജെ. അലക്സ്, ജനറൽ മാനേജർ (ഇൻ ചാർജ്ജ്), ആർ. ബി. ഡി. സി. കെ.

10. ശ്രീമതി എൽ. ബീന, ചീഫ് എഞ്ചിനീയർ (ആർ. എം), പൊതുമരാമത്ത് വകുപ്പ്

11. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

12. ശ്രീ. ഹ്യൂഗിൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്

13. ശ്രീ. എസ്. സുരേഷ് കുമാർ, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്

14. ശ്രീ. ഹൈദ്രു, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

15. ശ്രീ. ബി. വിനു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ഡിവിഷൻ)

16. ശ്രീ. ആർ. അനിൽകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ഡിവിഷൻ)

17. ശ്രീ. സി. ശങ്കരൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ഡിവിഷൻ)

18. ശ്രീ. വി. എസ്. ബിബിൻജിത്ത്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് സബ് ഡിവിഷൻ)

19. ശ്രീ. എസ്. സന്തോഷ്, ഡി. ഐ. ജി. ഓഫ് പ്രിസൺസ്, ദക്ഷിണ മേഖല.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു:

I. 2018-ലെ പ്രളയം ബാധിച്ച പ്രദേശങ്ങളിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പുതിയ നിർമ്മാണ പ്രവർത്തനങ്ങളും പ്രളയത്തെ പ്രതിരോധിക്കാനുള്ള പ്രത്യേക നിർമ്മാണ രീതികളും അവയുടെ മാനദണ്ഡങ്ങളും എന്ന വിഷയം പരിഗണിച്ച സമിതി, പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ചു.

## II. 2018-ലെ കേരള ഗതാഗത സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി)

(ഫയൽ നമ്പർ 864/ സബ്. സി. എ 2/2019/ നി. സെ.)

Special Rules for the Kerala Transport Service (Amendment) 2018 താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു

<u>ഭേദഗതി നമ്പർ-1</u>

**ചട്ടം-1**

ചട്ടം 1- ൽ "(1) These rules may be called the Special Rules for the Kerala Transport Service (Amendment) 2018" എന്നത് "(a) These rules may be called the Kerala Transport Service (Amendment) Special Rules 2019" എന്ന് മാറ്റുക.

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനത്തിനുള്ള യോഗ്യത ഡിപ്ലോമയും ഒരു വർഷത്തെ വർക്ക്ഷോപ്പ് എക്സ്പീരിയൻസുമാണെന്നും ഇതിൽ വർക്ക്ഷോപ്പ് എക്സ്പീരിയൻസ് ഗവൺമെന്റ് അംഗീകൃതമായിരിക്കണമെന്ന് റൂളിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു. കേരളത്തിൽ ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പുകളുടെ എണ്ണം കുറഞ്ഞുവരികയാണെന്നും യോഗ്യതയിൽ നിന്ന് വർക്ക്ഷോപ്പ് എക്സ്പീരിയൻസ് കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടെന്നും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ കൂട്ടിചേർത്തു. വർക്ക്ഷോപ്പ് എക്സ്പീരിയൻസ് യോഗ്യതയിൽ നിന്ന് ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

റൂളിൽ ഹെവി ലൈസൻസ് ആവശ്യം തന്നെയാണെന്ന ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ അഭിപ്രായം സമിതി അംഗീകരിച്ചു.

<u>ഭേദഗതി നമ്പർ-2</u>

**ചട്ടം-2 (3)**

ചട്ടം 2 (3) പ്രകാരം മൂലചട്ടത്തിലെ ചട്ടം 4(b)യ്ക്ക് പകരം ഉൾപ്പെടുത്തുന്ന ഉപചട്ടത്തിൽ

(i) ചട്ടം (b) (2) (i)-ൽ "(3 year course)" എന്നതിന് ശേഷം

"or any institution recognised by the Central Government or State Government" എന്ന് ചേർക്കുക.

(ii) ചട്ടം (b) (3)-ഉം അതിനോടൊപ്പമുള്ള "നോട്ടും " ഒഴിവാക്കുക.

(iii) ശേഷിച്ച ചട്ടങ്ങൾ പുനരക്കം ചെയ്യുക.

**III. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 92 A, ചട്ടം 105 (2) എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം.**

(ഫയൽ നമ്പർ 2077/സബ്.സി.എ 2/2019/നി.സെ.)

a. 92 A:

1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 92A ഭേദഗതി ചെയ്തുകൊണ്ട് സംസ്ഥാനത്തെ പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അവരുടെ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതിയ്ക്ക് വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

**1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 92 A ഭേദഗതി ചെയ്യുന്ന 'The Kerala Motor Vehicles (Second Amendment) Rules 2019' ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.**

b. 105 (2) :

റോഡുകളിൽ വാഹന പരിശോധന നടത്തുമ്പോൾ വാഹന ഉടമകളിൽ നിന്ന് പെനാൽറ്റി ഈടാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി ചാർജ്ജ് മെമ്മോ അയയ്ക്കുകയാണ് ചെയ്യുന്നതെന്നും ചാർജ്ജ് മെമ്മോ ലഭിച്ചാലും ചില വാഹന ഉടമകൾ പെനാൽറ്റി അടയ്ക്കാൻ തയ്യാറാകില്ലായെന്നും എന്നാൽ അത്തരം വാഹന ഉടമകൾ പെൻഡിംഗ് ഡ്യൂസ് ക്ലിയർ ചെയ്താൽ മാത്രമേ അവർക്ക് വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ ലഭിക്കുകയുള്ളുവെന്നും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ വിശദമാക്കി. ഓവർ സ്പീഡോ, ഓവർ ലോഡോ കണ്ടെത്തിയാൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യാൻ അധികാരമില്ലായെന്നും ഈ സാഹചര്യങ്ങളിൽ ചെക്ക് റിപ്പോർട്ട് ഓഫീസിൽ സമർപ്പിക്കുകയാണ് ചെയ്യുന്നതെന്നും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ വ്യക്തമാക്കി.

പിഴ അടയ്ക്കുന്നില്ലെങ്കിൽ പരിശോധന നടത്തുന്നതുകൊണ്ട് പ്രയോജനമില്ലായെന്ന് അഭിപ്രായപ്പെട്ട സമിതി ഇത്തരം സാഹചര്യങ്ങളിൽ വാഹനം വിട്ടുനൽകാതിരിക്കരുതോ എന്ന ചോദ്യം ഉന്നയിച്ചപ്പോൾ വാഹന ഉടമ പിഴ അടയ്ക്കാൻ സന്നദ്ധമെങ്കിൽ മാത്രമേ അയാളിൽ നിന്നും പിഴ ഈടാക്കാൻ സാധിക്കുകയുള്ളുവെന്നും ഇല്ലെങ്കിൽ കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടിവരുമെന്നും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ മറുപടി പറഞ്ഞു.

പിഴ അടയ്ക്കാത്തവർ എപ്പോഴെങ്കിലും പെർമിറ്റ് റിന്യൂവലിനോ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിനായോ വരുമ്പോൾ പെൻഡിംഗ് ഡ്യൂസ് ക്ലിയർ ചെയ്യുവാൻ

ആവശ്യപ്പെടാറുണ്ടെന്നും എന്നാൽ ടിപ്പർ ലോറിക്കാർ ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ചപ്പോൾ "The writ petitioners are allowed and it is declared that the Kerala Motor Vehicle (Amendment) rules, 2016 is unconstitutional and consequently unenforcible" എന്നാണ് കോടതി വിധി വന്നതെന്നും വാഹന ഉടമ അംഗീകരിച്ചാൽ മാത്രമേ പെനാൽറ്റി ആകുകയുള്ളൂ എന്നാണ് ഹൈക്കോടതി വിധിച്ചതെന്നും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ ചൂണ്ടിക്കാട്ടി.

പണിഷ്മെന്റ് ഗവൺമെന്റ് ഡ്യൂസ് അല്ല എന്നാണ് കോടതിയുടെ അഭിപ്രായമെന്നും ഗവൺമെന്റ് ഡ്യൂസ് ഉള്ള സന്ദർഭങ്ങളിലാണ് സർവ്വീസ് നൽകാത്തതെന്നും എക്സ്-ഒഫീഷ്യോ അംഗം ബഹു ഗതാഗത വകുപ്പുമന്ത്രി വിശദമാക്കി.

ഒന്നുകിൽ കോടതിയെ സമീപിക്കുക അല്ലെങ്കിൽ ഗവൺമെന്റ് ഡ്യൂസ് ഒടുക്കുക എന്നതിനുപകരം any liability എന്നാക്കിയാൽ വകുപ്പിന് നടപടിയെടുക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

റൂൾ 105 സബ് റൂൾ (2)-ൽ വരുത്തിയ ഭേദഗതിയിൽ "Where a person has agreed to compound but failed to pay the compounding fee" എന്നാണ് പറയുന്നതെന്നും ആയതിൽ ഭരണഘടനയ്ക്കു വിരുദ്ധമായി ഒന്നുമില്ലായെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. ഈ ക്ലോസ് വന്നപ്പോൾ ടിപ്പർ ലോറി അസോസിയേഷൻ പിഴ അടയ്ക്കാതെ ഹൈക്കോടതിയെ സമീപിക്കുകയാണ് ചെയ്തതെന്നും ഹൈക്കോടതി വിധി സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ലൈസൻസ് പുതുക്കിയില്ലെങ്കിൽ "they should not be allowed to move an inch, it should be seized" എന്നാണ് സുപ്രീം കോടതി നിർദ്ദേശിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. പക്ഷേ കേരളത്തിലെ ടിപ്പർ ലോറി അസോസിയേഷനും മറ്റുള്ളവരും ചേർന്ന് ചില താൽക്കാലിക ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോടതി ഉത്തരവ് ലംഘിക്കുവാൻ ശ്രമിക്കുകയാണെന്നും റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് രാധാകൃഷ്ണൻ ചെയർമാനായ കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ സമർപ്പിച്ച് അത്തരം ഉത്തരവുകൾ റദ്ദുചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. അപ്രകാരം റദ്ദാക്കാൻ സാധിക്കുമെങ്കിൽ അതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**തുടർന്ന് Kerala Motor Vehicles Rules 1989-ലെ ചട്ടം 105(2)-ന്റെ ആദ്യ proviso ഭേദഗതി ചെയ്യുന്ന Kerala Motor Vehicles (3rd Amendment) Rules 2019 ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.**

**IV. 20-1-2017-ന് കേരള സ്റ്റേറ്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫീസിൽ വച്ച് ചേർന്ന സമിതി യോഗനിർദ്ദേശങ്ങളിന്മേലുള്ള അനന്തരനടപടി റിപ്പോർട്ട്.**

(ഫയൽ നമ്പർ 2770/സബ്.സി. എ 2/2017/നി.സെ.)

ആർ.ബി.ഡി.സി.യുടെ സെന്റേജ് ചാർജ്ജ് വർദ്ധിപ്പിക്കാൻ കഴിയില്ലായെന്നും പ്രോജക്ടിൽ വരുന്ന ചിലവിന്റെ കണക്ക് കൊടുത്താൽ ബാക്കി തുക സജ്ജീകരിക്കുവാൻ തയ്യാറാണെന്നുമുള്ള റിപ്പോർട്ടാണ് കിഫ്ബിയിൽ നിന്നും ലഭിച്ചതെന്നും 28-2-2019-ലെ PWD-D3/136/2016-PWD നമ്പർ ഉത്തരവനുസരിച്ച് കിഫ്ബി പ്രവൃത്തികളിൽ അധികമായി ആവശ്യമുള്ള ജീവനക്കാരെ പ്രോജക്ട് സ്പെസിഫിക്കായി നിയമിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ടെന്നും അർ.ബി.ഡി.സി.കെ. ജനറൽ മാനേജർ (ഇൻ-ചാർജ്ജ്) അറിയിച്ചു.

പദ്ധതിച്ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പദ്ധതികൾക്കായി നൽകുന്ന സെന്റേജ് ചാർജ്ജ് 5 ശതമാനമായി കിഫ്ബി വർദ്ധിപ്പിക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 30-7-2014-ലെ 311/2014/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം സെന്റേജ് ചാർജ്ജ് 5% ആയിരുന്നുവെന്നും ആ ഫീസ് പുനഃസ്ഥാപിക്കണമെന്നാണ് കിഫ്ബിയോട് ആവശ്യപ്പെട്ടതെന്നും ആർ. ബി. ഡി. സി. കെ. ജനറൽ മാനേജർ (ഇൻ ചാർജ്ജ്) മറുപടി നൽകി.

സെന്റേജ് ചാർജ് വർദ്ധിപ്പിച്ചില്ലെങ്കിൽ ഇത്തരം പ്രോജക്ടുകളെടുത്ത് എസ്. പി. വി. ആയി പ്രവർത്തിക്കാൻ ബുദ്ധിമുട്ടായതിനാൽ പദ്ധതിച്ചെലവ് വർദ്ധിക്കുമ്പോൾ സെന്റേജ് ചാർജ്ജും വർദ്ധിപ്പിക്കേണ്ടതല്ലേ എന്ന് അഭിപ്രായപ്പെട്ട സമിതി 30-7-2014-ലെ 311/2014/ഫിൻ. നമ്പർ ഉത്തരവ് പുനഃസ്ഥാപിക്കുന്നതിനും സെന്റേജ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനും ധനകാര്യ വകുപ്പിനോട് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു

**V. 2016-17-ലെ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് 26-7-2016-ലെ യോഗനിർദ്ദേശത്തിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.**

(ഫയൽ നമ്പർ 5616/സബ്.സി.എ 2/2016/നി.സെ.)

ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സിൽക്ക് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് ജയിൽ മേധാവി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പതിനാലാം ധനകാര്യ കമ്മീഷൻ ജയിൽ വികസനത്തിനായി തുക ശിപാർശ

ചെയ്യാതിരുന്ന സാഹചര്യത്തിൽ 2016-17-ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജയിലുകളുടെ ആധുനികവൽക്കരണം (പ്ലാൻ) എന്ന പൊതുമരാമത്ത് വകുപ്പ് ശീർഷകത്തിൽ ഉൾപ്പെടുത്തി അഞ്ചരക്കോടി രൂപ അനുവദിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ പ്രവൃത്തി പുരോഗമിക്കുന്നുവെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ഈ പ്രവൃത്തി പി. ഡബ്ല്യൂ. ഡി.-യെ ഏൽപ്പിക്കാതെ സിൽക്ക് എന്ന കമ്പനിയെ ഏൽപ്പിച്ചത് സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന് പി.ഡബ്ല്യൂ.ഡി. തന്നെയാണ് ആ വർക്ക് ചെയ്യുന്നതെന്നും ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2016-ൽ പി. ഡബ്ല്യൂ. ഡി.-യുടെയും സിൽക്കിന്റെയും എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പി. ഡബ്ല്യൂ. ഡി.-യുടെ എസ്റ്റിമേറ്റ് 46 കോടി രൂപയും സിൽക്കിന്റെ എസ്റ്റിമേറ്റ് തുക കുറവുമായിരുന്നു. എന്നാൽ സിൽക്കിന്റെ എസ്റ്റിമേറ്റ് ഗവൺമെന്റ് അംഗീകരിച്ചില്ലായെന്നും ഡി. ഐ. ജി. ഓഫ് പ്രിസൺസ്, ദക്ഷിണ മേഖല മറുപടി നൽകി.

പൊതുമരാമത്ത് വകുപ്പ് 2017-ൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തെങ്കിലും വർക്കുകൾ വളരെ സാവധാനമാണ് നടക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി ഇതു സംബന്ധിച്ച ഡി. ഐ. ജി. തലത്തിൽ ലോക്കൽ എൻക്വയറി നടത്തണമെന്ന് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. ആഭ്യന്തര (ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**VI. 11-12-2018-ലെ യോഗനിർദ്ദേശങ്ങളിന്മേൽ സി. എസ്. ഐ. എൻ. (എ) വകുപ്പ് ലഭ്യമാക്കിയ 2 വിശദീകരണങ്ങളും സമിതി അംഗീകരിച്ചു.**

(ഫയൽ നമ്പർ 7197/സബ്.സി.എ 2/2018/നി.സെ.)

യോഗം വൈകുന്നേരം 4.45-ന് പിരിഞ്ഞു.

## 27-6-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 'V', 2019 ജൂൺ 27-ാം തീയതി വ്യാഴാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ '4A' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

2. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

3. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി വി.ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

2. ശ്രീ. കെ.ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്

3. ശ്രീ. ഷാജി വി.നായർ, ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്

4. ശ്രീമതി കെ.ആർ. മധുമതി, മാനേജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്

5. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

6. ശ്രീ. എം. അശോക് കുമാർ, ചീഫ് എഞ്ചിനീയർ (ദേശീയ പാത), പൊതുമരാമത്ത് വകുപ്പ്

7. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ (റോഡ്സ്), കെ.എസ്.ടി.പി.

8. ശ്രീ. ഹഗിൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്

9. ശ്രീ. ഇ. കെ. ഹൈദ്രു, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

10. ശ്രീമതി കെ. എഫ്. ലിസ്സി, അസിസ്റ്റന്റ് ജനറൽ മാനേജർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

11. ശ്രീ. സാംസൺ ജോൺ, മാനേജർ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്

12. ശ്രീമതി ബി. അജിത, അണ്ടർ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

13. ശ്രീമതി മേഴ്സി ഗബ്രിയേൽ, അണ്ടർ സെക്രട്ടറി, ഗതാഗത വകുപ്പ്

14. ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്

യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിച്ചു :

1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 1 മുതൽ 87, ഖണ്ഡിക 112, ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 97 മുതൽ 109 വരെ, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 110 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകൾ യഥാസമയം ചട്ടങ്ങൾ നിർമ്മിക്കാത്തതും ആയത് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതും ഗൗരവമായി കണക്കിലെടുത്ത് അടുത്ത സഭാ സമ്മേളനത്തിനുമുമ്പ് ബന്ധപ്പെട്ട വകുപ്പുകൾ ചട്ടങ്ങൾ നിർമ്മിക്കണമെന്നും അവ സബ്ജക്ട് കമ്മിറ്റികൾ സൂക്ഷ്മ പരിശോധന നടത്തി അത് സംബന്ധിച്ച റിപ്പോർട്ട് അടുത്ത സഭാസമ്മേളനത്തിൽ സഭയിൽ സമർപ്പിക്കണമെന്നുള്ള ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ 2017-ലെ കേരള മാരിടൈം ബോർഡ് ആക്ടിന്റെ 106-ാം വകുപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കാനുള്ള കരട് ചട്ടങ്ങളും റെഗുലേഷനുകളും സംബന്ധിച്ച് ജൂലൈ മാസം അവസാന ആഴ്ച മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും കൂടാതെ കരട് ചട്ടം പുറപ്പെടുവിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത്, ഗതാഗതം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

## 30-7-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2019 ജൂലൈ 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
3. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.
4. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
5. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
5. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീമതി സിനി ജെ. ഷുക്കൂർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
8. ശ്രീമതി ബി. അജിത, അണ്ടർ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

9. ശ്രീമതി എസ്. സ്മിത, അണ്ടർ സെക്രട്ടറി, ഗതാഗത വകുപ്പ്

10. ശ്രീ. എസ്. മനോഹരൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

11. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിച്ചു :

I. ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത്, ഗതാഗതം, മത്സ്യബന്ധന തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളിൽ നിന്നുള്ള തെളിവെടുപ്പ് (നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായി കരട് ചട്ടങ്ങൾ ഉണ്ടാക്കുന്നത് കുടിശ്ശികയായി ശേഷിക്കുന്നുണ്ടെങ്കിൽ അവ പൂർത്തീകരിക്കുന്നതിനും കരട് ചട്ടങ്ങളുടെ ക്രൂപീകരണം സംബന്ധിച്ചും).

(ഫയൽ നമ്പർ 3752/സബ്.സി.എ 2/2019/നി.സെ.)

**1. മത്സ്യബന്ധന തുറമുഖ വകുപ്പ്**

മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട 2017-ലെ കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം പുറപ്പെടുവിക്കാനുള്ള കരട് ചട്ടങ്ങളും റെഗുലേഷനുകളും പുറപ്പെടുവിക്കാൻ കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു.

2017-ലെ കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരമുള്ള കരട് ചട്ടങ്ങൾ പ്രാഥമിക ചർച്ചകളുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് തയ്യാറാക്കിയതായും നിയമവകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി 8-7-2019-ൽ പ്രസിദ്ധീകരണത്തിന് നൽകിയിരിക്കുകയാണെന്നും അടുത്ത ആഴ്ചതന്നെ ആയത് അച്ചടിച്ച് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും തുറമുഖ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

നിയമസഭയിൽ പാസ്സാക്കുന്ന നിയമങ്ങൾക്കനുസരിച്ച് സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ അനന്തമായി നീണ്ടുപോകുന്ന പ്രവണത നിലനിൽക്കുന്നതായി സമിതി അഭിപ്രായപ്പെട്ടപ്പോൾ മാരിടൈം ബോർഡ് ആക്ടുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളും വിവാദങ്ങളും ഉണ്ടായതുകൊണ്ടാണ് കാലതാമസം നേരിട്ടതെന്ന് ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു

**2. കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്**

നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കനുസരിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ അവശേഷിക്കുന്നില്ലായെന്ന് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു

### 3. പൊതുമരാമത്ത് വകുപ്പ്

നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കനുസരിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ അവശേഷിക്കുന്നില്ലായെന്ന് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു

### 4. ഗതാഗത വകുപ്പ്

ഗതാഗത വകുപ്പിൽ, നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായി കരട് ചട്ടങ്ങൾ രൂപീകരിക്കുവാൻ കുടിശ്ശികയായി അവശേഷിക്കുന്നില്ല എന്ന് എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു

## II. 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെൻഡ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട് സമിതിയുടെ 11-12-2018-ലെ യോഗനിർദ്ദേശത്തിന്മേൽ ഗതാഗത (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നമ്പർ 1046/സബ്.സി.എ 2/2018/നി.സെ.)

ചട്ടവിരുദ്ധമായി തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായി നിയമിതരായവരെ അവരുടെ പഴയ തസ്തികയിലേക്ക് മടക്കി അയയ്ക്കുന്നതിനെതിരെ അവർക്ക് കോടതിയിൽ നിന്നും സ്റ്റേ ലഭിച്ചത് സംബന്ധിച്ച് 11-12-2018-ലെ സമിതി യോഗം നിർദ്ദേശിച്ചപ്രകാരം സ്റ്റേ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിരുന്നതായും കേസിന്റെ വിശദാംശങ്ങൾ നൽകുന്നതിൽ കാലതാമസം വന്നിരുന്നു എന്നും കോടതിയിൽ നിന്നുള്ള ഉത്തരവ് ലഭിക്കാതെ പ്രസ്തുത വിഷയത്തിൽ സമിതിക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയുകയില്ലെന്നും ബഹു. ഗതാഗത വകുപ്പുമന്ത്രി വ്യക്തമാക്കി. ചട്ടവിരുദ്ധമായി തസ്തികമാറ്റം വഴി നിയമിതരായവരെ തരംതാഴ്ത്തണമെന്ന് സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർ കോടതിയെ സമീപിച്ചതെന്നും ബഹു. ഗതാഗത വകുപ്പുമന്ത്രി തുടർന്ന് അറിയിച്ചു.

സമിതിയുടെ ശിപാർശ നടപ്പാക്കുന്നതിൽ ഗതാഗത വകുപ്പ് മനഃപൂർവ്വം കാലതാമസം വരുത്തി സ്റ്റേ ലഭ്യമാക്കാൻ അവസരമൊരുക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് അഭിപ്രായപ്പെട്ട സമിതി ഗതാഗത വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ ഗവൺമെന്റ് പ്ലീഡറുടെ ഭാഗത്തുനിന്നും ശ്രദ്ധക്കുറവോ കാലതാമസമോ ഉണ്ടായിട്ടില്ലായെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചതായി പറയുന്ന കത്ത് പരിശോധിച്ചു. പ്രസ്തുത കത്തിൽ ഗതാഗത വകുപ്പിൽ നിന്നും യഥാസമയം കേസുമായി ബന്ധപ്പെട്ട രേഖകൾ നൽകിയിട്ടില്ലെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു.

എന്നാണ് രേഖകൾ നൽകിയതെന്ന് സമിതി ആരാഞ്ഞതിന്, നാല് ജീവനക്കാർ ഫയൽ ചെയ്ത കേസുകളിലും വകുപ്പിൽനിന്നും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകിയിട്ടുള്ളതായും ഒരു കേസിൽ മാത്രം അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നും റിപ്ലൈ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാനുള്ളതായും ഗതാഗതവകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

വകുപ്പിൽ നിന്നും കൃത്യവും വ്യക്തവുമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭിക്കുന്നില്ലെന്നും അനേകം ഉദ്യോഗാർത്ഥികൾ നിയമനത്തിനായി കാത്തിരിക്കുമ്പോൾ സർവ്വീസിലുള്ളവർക്ക് ചട്ടവിരുദ്ധമായി പ്രൊമോഷൻ നൽകി നിയമനം നടത്തുന്നത് ശരിയായ കീഴ്‌വഴക്കമല്ലെന്നും ഇത്തരത്തിലുള്ള നിയമനം കോടതി അംഗീകരിച്ചാൽ തുടർന്നും ഇത്തരം നിയമനങ്ങൾ നടക്കാമെന്നും ആയതിനാൽ ഇത് ചെറുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്റ്റേ ലഭിച്ചത് എന്നാണെന്ന് സമിതി ആരാഞ്ഞതിന് 18-6-2019-ലാണ് സ്റ്റേ കിട്ടിയതെന്ന് ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് അയച്ചുകൊടുത്തതിനുശേഷമാണ് സ്റ്റേ ലഭിച്ചിരിക്കുന്നത് എന്നതിനാൽ ഗവൺമെന്റ് പ്ലീഡറുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തി. ശ്രീ. എൽദോസ് കെ. കെ., ശ്രീ. മുഹമ്മദ് റഫീഖ് എന്നിവർ ചേർന്ന് ഫയൽ ചെയ്ത കേസിലാണ് റിപ്ലൈ സ്റ്റേറ്റ്മെന്റ് നൽകാനുള്ളതെന്നും ആയത് തയ്യാറാക്കി അയച്ചുതരേണ്ടത് അഡ്വക്കേറ്റ് ജനറലാണെന്നും റിപ്ലൈ സ്റ്റേറ്റ്മെന്റ് അയച്ചുതന്നിട്ടില്ലെന്നും സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടത് അഡ്വക്കേറ്റ് ജനറലാണെന്നും ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഗതാഗത വകുപ്പ് സെക്രട്ടറിയാണ് പ്രസ്തുത വിഷയത്തിൽ മറുപടി നൽകേണ്ടതെന്നും എന്നാൽ അദ്ദേഹം യോഗത്തിൽ ഹാജരായിട്ടില്ലെന്നും ഹാജരായ ഉദ്യോഗസ്ഥർക്ക് കേസുമായി ബന്ധപ്പെട്ട നിയമവശങ്ങൾ അറിയില്ലെന്നും അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും ലഭിക്കാനുള്ള രേഖകൾ ഫയൽ ചെയ്ത് വാങ്ങാനുള്ള ചുമതല ഗവൺമെന്റ് പ്ലീഡർക്കാണെന്നും അദ്ദേഹം അത് ചെയ്യാതെ ഗവൺമെന്റിനെതിരായി വാദിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നതെന്നും തന്റെ ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിക്കാത്തപക്ഷം ഗവൺമെന്റ് പ്ലീഡറെ നീക്കം ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

കേസുമായി ബന്ധപ്പെട്ട ഇടക്കാല ഉത്തരവിലെ സ്റ്റേ ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത കേസ് കൈകാര്യം ചെയ്യുന്നതിൽ വീഴ്ച ഉള്ള പക്ഷം ആയത് വാദിക്കുന്നതിൽ നിന്ന് നിലവിലെ ഗവൺമെന്റ് പ്ലീഡറെ ഒഴിവാക്കി മറ്റൊരു പ്ലീഡറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഗതാഗത വകുപ്പിനോട് ആവശ്യപ്പെടണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത വിഷയത്തിൽ തെറ്റായ തീരുമാനം തിരുത്തുന്നതിനുള്ള ശ്രമമാണ് സമിതി കൈക്കൊണ്ടതെന്നും എന്നാൽ സമിതിക്ക് യാതൊരു വിശ്വാസ്യതയും കൽപ്പിക്കാത്ത രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനാൽ നിയമസഭാ സമിതിയുടെ പ്രസക്തിതന്നെ നഷ്ടമാകാമെന്നും ആയതിനാൽ ഇത്തരം വിഷയങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഗതാഗത വകുപ്പിന് നൽകുവാൻ സമിതി തീരുമാനിച്ചു:

1. ഇടക്കാല സ്റ്റേ ഉത്തരവുകൾ ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുക. ഇതിനായി അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകുക.
2. സ്റ്റേ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികളിൽ ഗവൺമെന്റ് പ്ലീഡറുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി സമിതി വിലയിരുത്തുന്നു. ഇക്കാര്യം പരിശോധിച്ച് വീഴ്ച കണ്ടെത്തുന്നപക്ഷം നിലവിലുള്ള ഗവൺമെന്റ് പ്ലീഡറെ മാറ്റി മറ്റൊരു ഗവൺമെന്റ് പ്ലീഡറെ കേസിന്റെ വാദത്തിന് നിയോഗിക്കുക.
3. അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് സ്റ്റേ ഉത്തരവ് ഒഴിവാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുക.

**III. ഗതാഗത വകുപ്പ് ലഭ്യമാക്കിയ താഴെപ്പറയുന്ന എസ്.ആർ.ഒ.-കൾ (കാലതാമസ പത്രിക സഹിതം) സമിതി സാധൂകരിച്ചു.**

**i. 682/2017 (ഫയൽ നമ്പർ 370/സബ്.സി.എ 2/2019/നി.സെ.)**

കേന്ദ്രസർക്കാരിന്റെ 29-12-2016-ലെ വിജ്ഞാപനപ്രകാരം ലൈസൻസ്, രജിസ്ട്രേഷൻ, മറ്റ് അനുബന്ധ സർവ്വീസുകൾ എന്നിവയ്ക്കുള്ള ഫീസ് കുത്തനെ വർദ്ധിപ്പിച്ചിരുന്നതായും മിക്ക സേവനങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ അധിക ഫീസ് ചുമത്തിയും ഉത്തരവായിരുന്നതായും പ്രസ്തുത സാഹചര്യത്തിൽ പൊതുജനത്തിന്മേൽ വരുന്ന അമിത ഭാരം ഒഴിവാക്കുന്നതിനായി കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 102, 105(5) പ്രകാരം ചുമത്തിയ പിഴ/പെനാൽറ്റി ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നതായും ബഹു. ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

സർക്കാർ തീരുമാനപ്രകാരം കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 102 ഭേദഗതി ചെയ്തുകൊണ്ടും ചട്ടം 105(5) റദ്ദാക്കിക്കൊണ്ടും പുറപ്പെടുവിച്ച 682/2017-ാം നമ്പർ എസ്.ആർ.ഒ. [GO(P)No. 23/2017/ഗതാ. തീയതി 25-10-2017] സമിതി സാധൂകരിച്ചു.

**ii. 748/2017 (ഫയൽ നമ്പർ 370/സബ്.സി.എ 2/2019/നി.സെ.)**

കേന്ദ്ര സർക്കാരിന്റെ 28-11-2016-ലെ വിജ്ഞാപനപ്രകാരം 1988-ലെ മോട്ടോർ വാഹന നിയമം 2(35) പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള ഇരുചക്ര വാഹനങ്ങൾ, ഇ-റിക്ഷകൾ, മുച്ചക്രവാഹനങ്ങൾ, പെർമിറ്റ് ആവശ്യമില്ലാത്ത മറ്റ് ട്രാൻസ്പോർട്ട് വാഹനങ്ങൾ എന്നിവ ഒഴികെയുള്ള എല്ലാ പൊതു വാഹനങ്ങളിലും AIS:140:2016 നിലവാരത്തിലുള്ള ജി.പി.എസ്. സംവിധാനവും എമർജൻസി ബട്ടണും ഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നതായും കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 96(2) (vi), xiv, xxxiii എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പൊതു വാഹനങ്ങളിലും AIS : 140 : 2016 നിലവാരത്തിലുള്ള ജി.പി.എസ്. സംവിധാനവും എമർജൻസി ബട്ടണും നിർബന്ധമാക്കുവാൻ തീരുമാനിക്കുകയുണ്ടായതായി ബഹു. ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

സർക്കാർ തീരുമാനപ്രകാരം പുറപ്പെടുവിച്ച 748/2017-ാം നമ്പർ എസ്.ആർ.ഒ. [GO(P) No. 27/2017/ഗതാ. തീയതി 15-11-2017] സമിതി സാധൂകരിച്ചു.

**iii. 6/2018 (ഫയൽ നമ്പർ 1699/സബ്.സി.എ 2/2019/നി.സെ.)**

കേന്ദ്ര സർക്കാരിന്റെ 20-9-2016-ലെ വിജ്ഞാപനപ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ 1989-ലെ ചട്ടം 125(c)(1) പ്രകാരം ഡ്രൈവറെക്കൂടാതെ പതിമൂന്നോ അതിൽ കൂടുതലോ യാത്രക്കാരെ കയറ്റാവുന്ന വാഹനങ്ങളുടെ ബോഡി നിർമ്മിക്കുന്നത് AIS : 052 (Revision I)-2008 നിലവാരം അനുസരിച്ചും അതിൽ വരുന്ന ഭേദഗതിക്കനുസരിച്ചും ആയിരിക്കണമെന്നും രാജ്യമൊട്ടാകെ BIS സ്റ്റാൻഡേർഡ്സ് നിലവിൽ വരുമ്പോൾ അതിലേക്ക് മാറണമെന്നും നിഷ്കർഷിച്ചിരുന്നതായും BIS സ്റ്റാൻഡേർഡ്സ് 2017 ഒക്ടോബർ 1 മുതൽ നിലവിൽ വന്നതായും ആയതിനാൽ കേന്ദ്രവിജ്ഞാപനത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ, കേരള മോട്ടോർ വാഹന ചട്ടങ്ങൾ 1989-ലെ 151, 209, 257, 267, 268, 269, 270, 272, 273, 275, 276, 280, 281, 282, 283, 285, 286, 287, 287A, 288 എന്നീ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച 6/2018-ാം നമ്പർ എസ്.ആർ.ഒ. [GO(P)No. 29/2017/ഗതാ. തീയതി 19-12-2017] സമിതി സാധൂകരിച്ചു.

**iv. 761/2018 (ഫയൽ നമ്പർ 1699/സബ്.സി.എ 2/2019/നി.സെ.)**

കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ 1989-ലെ ചട്ടം 4 പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥരെ യഥാക്രമം ലൈസൻസിംഗ് അതോറിറ്റി, അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി, അസിസ്റ്റന്റ് ലൈസൻസിംഗ് അതോറിറ്റി

എന്നിങ്ങനെ അധികാരപ്പെടുത്തിയിട്ടുള്ളതായും രാജ്യമൊട്ടാകെ "വാഹൻ 4" സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ വരുന്ന സാഹചര്യത്തിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ, ജൂനിയർ ലൈസൻസിംഗ് അതോറിറ്റിയായി, പുതിയ ലേണേഴ്സ് ലൈസൻസ് അനുവദിക്കുന്നതിനുമാത്രം അധികാരപ്പെടുത്തി ഉത്തരവാകണമെന്ന് ഗതാഗത കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നതായും സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 28(1), 28(2)(a) എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരം ഉപയോഗിച്ചുകൊണ്ട്, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 4 ഭേദഗതി വരുത്തിക്കൊണ്ട് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ ജൂനിയർ ലൈസൻസിംഗ് അതോറിറ്റിയായി, പുതിയ ലേണേഴ്സ് ലൈസൻസ് അനുവദിക്കുന്നതിനുമാത്രം അധികാരപ്പെടുത്തി പുറപ്പെടുവിച്ച 761/2018-ാം നമ്പർ എസ്.ആർ.ഒ. [GO(P) No. 33/2018/ഗതാ. തീയതി 26-10-2018] സമിതി സാധൂകരിച്ചു.

**v. 843/2018 (ഫയൽ നമ്പർ 1699/സബ്.സി.എ 2/2019/നി.സെ.)**

മോട്ടോർ വാഹനങ്ങളുടെ കളർ കോഡ് നിഷ്കർഷിക്കുന്ന കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 295 പ്രകാരം സി.എൻ.ജി./എൽ.എൻ.ജി. എന്നീ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന ഓട്ടോറിക്ഷകൾക്ക് കളർ കോഡ് നിശ്ചയിച്ചിരുന്നില്ലായെന്നും ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സംസ്ഥാന സർക്കാർ മുൻപാകെ സമർപ്പിക്കപ്പെട്ടിരുന്നതായും സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, മോട്ടോർ വാഹന നിയമത്തിലെ ചട്ടങ്ങൾ 1988-ലെ 96-ാം വകുപ്പ് 2(xviii) ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 295(a)-യിൽ ഭേദഗതി വരുത്തി സി.എൻ.ജി./ എൽ.എൻ.ജി. എന്നീ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന ഓട്ടോറിക്ഷകൾക്ക് കളർ കോഡ് നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 843/2018-ാം നമ്പർ എസ്.ആർ.ഒ. [GO (P)No. 40/2018/ഗതാ. തീയതി 21-11-2018] സമിതി സാധൂകരിച്ചു.

**vi. 858/2018 (ഫയൽ നമ്പർ 1699/സബ്.സി.എ 2/2019/നി.സെ.)**

ബഹു. സുപ്രീംകോടതിയുടെ 26-3-2018-ലെ സിവിൽ അപ്പീൽ നമ്പർ 9936-9937/2016 ഉത്തരവ് പ്രകാരം അപകടത്തിൽപ്പെടുന്ന ഇൻഷ്വറൻസില്ലാത്ത വഹനങ്ങൾ വിട്ടുനൽകുന്നത് നിരോധിച്ചിട്ടുള്ളതായും ഇത് സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരുകളോട് നിർദ്ദേശിച്ചിട്ടുള്ളതായും സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, 1988-ലെ മോട്ടോർ വാഹന നിയമങ്ങളിലെ 176(e) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 391 A കൂട്ടിച്ചേർത്ത്, അപകടത്തിൽപ്പെടുന്ന ഇൻഷ്വറൻസില്ലാത്ത വാഹനങ്ങൾ വിട്ടുനൽകുന്നത് നിരോധിക്കുകയും ഇത് സംബന്ധിച്ച്

ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തു. ആയത് 858/2018-ാം നമ്പർ എസ്.ആർ.ഒ. [GO (P)No. 42/2018/ഗതാ. തീയതി 24-11-2018] ആയി പുറപ്പെടുവിച്ചത് സമിതി സാധൂകരിച്ചു.

അപകടത്തിൽപ്പെടുന്ന ഇൻഷ്വറൻസില്ലാത്ത വാഹനങ്ങൾ റിലീസ് ചെയ്താൽ പിന്നീട് റിക്കവറി അസാധ്യമാകുമെന്നും വാഹനം വിട്ടുനൽകുകയാണെങ്കിൽ മുഴുവൻ കോമ്പൻസേഷൻ തുകയും കെട്ടിവയ്ക്കേണ്ടതുണ്ടെന്നും ആയത് അസാധ്യമായതിനാൽ അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ വിട്ടുനൽകേണ്ടതില്ലായെന്ന സുപ്രീംകോടതി ഉത്തരവ് നിലവിലുണ്ടെന്നും വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ റോഡരികിൽ വർഷങ്ങളായി കിടക്കുകയാണെന്നും ആയതിന് പരിഹാരം കാണണമെന്നും സമിതി അഭിപ്രായപ്പെട്ടു.

### vii. 900/2018 (ഫയൽ നമ്പർ 2078/സബ്.സി.എ 2/2019/നി.സെ.)

1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങൾ 260A പ്രകാരം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ നടത്തുന്ന സ്റ്റേജ് കാര്യേജുകളുടെ കാലപരിധി 5 വർഷമായി നിജപ്പെടുത്തിയിരുന്നു. 5 വർഷം കഴിഞ്ഞാലും ഈ വാഹനങ്ങൾ സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ സർവീസുകൾക്ക് ഉപയോഗിക്കുന്നതിന് യോഗ്യമായതിനാൽ ഇവയുടെ കാലപരിധി വർദ്ധിപ്പിക്കണമെന്ന് അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, 1988-ലെ മോട്ടോർ വാഹന നിയമങ്ങളിലെ 65, 96 എന്നീ വകുപ്പുകൾപ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 260A ഭേദഗതി ചെയ്തുകൊണ്ട് സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ നടത്തുന്ന സ്റ്റേജ് കാര്യേജുകളുടെ കാലപരിധി 7 വർഷമായി നിജപ്പെടുത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. ആയത് പ്രകാരം പുറപ്പെടുവിച്ച 900/2018-ാം നമ്പർ എസ്.ആർ.ഒ. [GO (P) No. 43/2018/ഗതാ. തീയതി 1-12-2018] സമിതി സാധൂകരിച്ചു.

കൊച്ചി തുറമുഖത്തെ ചരക്ക് കയറ്റുമതിയെയും ഇറക്കുമതിയെയും ബാധിക്കുന്ന ലോറികളുടെ പാർക്കിംഗ് സംബന്ധമായ വിഷയം ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊച്ചി തുറമുഖത്ത് എത്തുന്ന ആയിരക്കണക്കിന് ലോറികൾ റോഡിന് ഇരുവശത്തും അനധികൃതമായി പാർക്ക് ചെയ്യുന്നതിനാൽ മോട്ടോർ വാഹന വകുപ്പ് ഫൈൻ ഈടാക്കുന്നതായും ഇതിനെതിരെ ലോറികൾ പണിമുടക്കിന് നോട്ടീസ് നൽകിയിരിക്കുകയാണെന്നും പണിമുടക്കുണ്ടായാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുമെന്നതിനാൽ വാഹനങ്ങളുടെ പാർക്കിംഗിനായി ക്രമീകരണങ്ങൾ നടത്തി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ആവശ്യപ്പെട്ടു.

കണ്ടെയ്നർ ലോറികളിൽ അമിതഭാരം കയറ്റുന്നതിനും റോഡിന് ഇരുവശങ്ങളിലും ലോറികൾ അനധികൃതമായി പാർക്ക് ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പും മോട്ടോർ വാഹന വകുപ്പും നടപടി സ്വീകരിക്കുന്നുണ്ടെന്നും കർശന നിയന്ത്രണം തുടർന്നാൽ കൊച്ചി തുറമുഖത്തേയ്ക്കുള്ള ചരക്കുനീക്കം തൂത്തുക്കുടിയിലേയ്ക്ക് മാറ്റുമെന്ന് ലോറി ഉടമസ്ഥർ പറയുന്നതിനാൽ അത്തരമൊരവസ്ഥ സംജാതമായാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നും ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ കളക്ടറുടെ മീറ്റിംഗ് കഴിഞ്ഞതിനുശേഷം മന്ത്രിതലത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ധാരണയിലെത്താൻ ശ്രമിക്കാമെന്ന് ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ പാർക്കിംഗ് പ്രശ്നം അവിടെയും ഉണ്ടാകുവാൻ സാധ്യതയുള്ളതിനാൽ നൂറോളം കണ്ടെയ്നർ ലോറികളെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിലുള്ള ലോജിസ്റ്റിക് സംവിധാനം കണ്ടെത്തേണ്ടതായിട്ടുണ്ടെന്നും അനധികൃത പാർക്കിംഗിന് ഫൈൻ അടയ്ക്കുന്നതിനേക്കാൾ ലോജിസ്റ്റിക് സെന്ററുകൾക്ക് ഫീസ് നൽകി പാർക്ക് ചെയ്യുന്നതാണ് നല്ലതെന്നും സമിതി അഭിപ്രായപ്പെട്ടു.

ലോജിസ്റ്റിക് സെന്റർ ഓപ്പറേറ്റേഴ്സിന് ഇൻവെസ്റ്റ് ചെയ്യുവാൻ കഴിയുമെങ്കിൽ അവരും തുറമുഖവകുപ്പും സംയുക്തമായി കണ്ടെയ്നർ ലോറികൾ പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനം കണ്ടെത്തണമെന്നും പ്രസ്തുത വിഷയം നിയമപരമായി പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ജില്ലാ കളക്ടറുമായുള്ള മീറ്റിംഗിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതാണെന്ന് തുറമുഖവകുപ്പ് സെക്രട്ടറി അറിയിച്ചു.

ഹിമാചൽ പ്രദേശ്, മധ്യപ്രദേശ്, ആസ്സാം, ന്യൂഡൽഹി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തി അഖിലേന്ത്യ പഠനപര്യടന പരിപാടിയുടെ കരട് തയ്യാറാക്കുവാൻ സമിതി നിർദ്ദേശിച്ചു.

യോഗം രാവിലെ 11.15 മണിക്ക് പിരിഞ്ഞു.

## 29-8-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2019 ആഗസ്റ്റ് 29-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ.കെ. ശശീന്ദ്രനും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
3. ശ്രീ. വി.ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി.ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ജി. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. കെ.ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
3. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്
4. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. സുധേഷ് കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ
7. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
8. ശ്രീമതി എൽ. ശോഭാനായർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
10. ശ്രീ. സി.എം. അജയ മോഹൻ, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
11. ശ്രീമതി എസ്. സുപ്രഭ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
12. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
13. ശ്രീ. എസ്. സുരേഷ് കുമാർ, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ
14. ശ്രീ. അശോക് കുമാർ, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്
15. ശ്രീ. എൻ. ടി. അനിൽ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) പൊതുമരാമത്ത് വകുപ്പ്.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു :

1. <u>മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട 2017-ലെ കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ കരട്</u>

(ഫയൽ നമ്പർ 4885/സബ്.സി.എ 2/2017/നി.സെ.)

2017-ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ 106-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് 2019 ജൂലൈ 8-ലെ 13391/ഇ 2/2009/മ.തു.വ. നമ്പർ വിജ്ഞാപനം മുഖേന പുറപ്പെടുവിച്ച കരട് ചട്ടങ്ങൾ എസ്. ആർ.ഒ. മാതൃകയിൽ പ്രസിദ്ധപ്പെടുത്തണമെന്ന നിബന്ധനയോടെയും താഴെപ്പറയുന്ന ഭേദഗതിയോടെയും സമിതി അംഗീകരിച്ചു

അദ്ധ്യായം II

**ബോർഡും അതിന്റെ രൂപീകരണവും**

<u>ചട്ടം 5 ചെയർമാന്റെയും വൈസ്-ചെയർമാന്റേയും അംഗങ്ങളുടെയും യോഗ്യതകൾ - ചട്ടം 5(1)-ൽ "അൻപത് വയസ്സ് തികഞ്ഞതും" എന്നീ വാക്കുകൾ ഒഴിവാക്കുക.</u>

II. ചട്ടം 235 എ പ്രകാരമുള്ള ചർച്ച

**(i) കേരളത്തിലെ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ:**

(ഫയൽ നമ്പർ 4335/സബ്.സി.എ 2/2019/നി.സെ.)

ദേശീയപാതകളിൽ സംസ്ഥാന സർക്കാർ ഫണ്ടിൽനിന്നും നടപ്പിലാക്കിവരുന്ന പദ്ധതികളായ വൈറ്റില ഫ്ലൈഓവർ, കുണ്ടന്നൂർ ഫ്ലൈഓവർ, കരമന-കളിയിക്കാവിള ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കൽ, കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം എന്നീ വിഷയങ്ങൾ സമിതി ചർച്ച ചെയ്തു.

വൈറ്റില ഫ്ലൈഓവറിന്റെ നിർമ്മാണത്തിൽ സാങ്കേതിക പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ലായെന്നും പ്രസ്തുത നിർമ്മാണം ഐ.ഐ.റ്റി. ചെന്നൈ പരിശോധിക്കുന്നതായും പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

വൈറ്റില ഫ്ലൈഓവറിന്റെ കോൺക്രീറ്റ് ടെസ്റ്റ്, ദേശീയപാതാ വിഭാഗം നടത്തി പ്രശ്നങ്ങൾ ഇല്ലായെന്ന് കണ്ടെത്തിയെന്നും തുടർന്ന് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ ടെസ്റ്റിന്റെ റിപ്പോർട്ടിൽ

ഫ്ലൈഓവർ നിർമ്മാണം തൃപ്തികരമല്ല എന്ന് രേഖപ്പെടുത്തിയിരുന്നു എന്നും രണ്ട് ടെസ്റ്റുകളുടെ പരിശോധനാ ഫലം വ്യത്യസ്തമാണെങ്കിൽ മൂന്നാമതൊരു ടെസ്റ്റ് കൂടി നടത്താറുണ്ടെന്നും അപ്രകാരം കോതമംഗലം എഞ്ചിനീയറിംഗ് കോളേജിൽ നടത്തിയ ടെസ്റ്റിൽ ഫ്ലൈഓവർ നിർമ്മാണത്തിൽ പ്രശ്നമില്ലെന്ന് കണ്ടെത്തിയതായും ഐ.ഐ.റ്റി. ചെന്നൈയുടെ പരിശോധനാ റിപ്പോർട്ടും സമാനമാണെന്നും സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി അറിയിച്ചു.

പാലാരിവട്ടം പാലം ഗതാഗതത്തിനായി ഉടൻ തുറന്ന് കൊടുക്കുവാൻ ഇപ്പോൾ സാധിക്കില്ലെന്നും പാലത്തിന്റെ സുരക്ഷ സംബന്ധിച്ച് ശ്രീ. ഇ. ശ്രീധരൻ നൽകിയ റിപ്പോർട്ടിന് പുറമെ ഐ.ഐ.റ്റി. ചെന്നൈയുടെ അന്തിമ റിപ്പോർട്ട് കൂടി ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ എന്നും സമിതി ചെയർമാൻ വിശദീകരിച്ചു.

സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന വൈറ്റില ഫ്ലൈഓവറും കുണ്ടന്നൂർ ഫ്ലൈഓവറും ഏറ്റെടുക്കണമെന്ന് മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേയ്സ്, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എന്നിവരോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രസ്തുത വർക്കുകൾ ഏറ്റെടുക്കുവാൻ അവർ തയ്യാറായിട്ടില്ലായെന്നും ഫ്ലൈഓവർ അടിയന്തരമായി നിർമ്മിക്കേണ്ടതായതിനാലാണ് സംസ്ഥാന സർക്കാർ നിർമ്മിക്കുന്നതെന്നും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. ഇതുകൂടാതെ കരമന-കളിയിക്കാവിള ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതി, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ സാമ്പത്തിക പങ്കാളിത്തത്തിൽ നിർമ്മിക്കുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസ് എന്നിവയ്ക്കുണ്ടാകുന്ന ചെലവും കേന്ദ്ര സർക്കാർ റീ-ഇമ്പേഴ്സ് ചെയ്യേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കേന്ദ്ര സർക്കാർ നിർമ്മിക്കേണ്ടതും നിർമ്മാണത്തിന്റെ അത്യാവശ്യം പരിഗണിച്ച് സംസ്ഥാന സർക്കാർ നിർമ്മാണം നിർവ്വഹിക്കുന്നതുമായ വൈറ്റില ഫ്ലൈഓവർ, കുണ്ടന്നൂർ ഫ്ലൈഓവർ എന്നിങ്ങനെയുള്ള പ്രവൃത്തികൾക്കുണ്ടാകുന്ന ചെലവുകൾ കേന്ദ്ര സർക്കാരിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു.

സംസ്ഥാന റോഡുകളുടെ പുനരുദ്ധാരണത്തിനായി 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലായി 1314.8 കിലോമീറ്റർ റോഡിനും രണ്ട് പാലങ്ങൾക്കും ഉൾപ്പെടെ 101 പദ്ധതികൾക്കായി 1414 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്ന് ചെയർമാൻ വ്യക്തമാക്കി.

## (ii) സ്വകാര്യ ഏജൻസികൾ നടത്തുന്ന അന്തർ സംസ്ഥാന ബസ് സർവ്വീസുകളുടെ മേൽനോട്ടത്തിനായി ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ

(ഫയൽ നമ്പർ 4335/സബ്.സി.എ 2/2019/നി.സെ.)

അന്തർസംസ്ഥാന സർവ്വീസുകളെ പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടി നിയമപരമല്ലാതെ സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാര്യേജ് പെർമിറ്റ് വാഹനങ്ങളെ ലീഗലൈസ് ചെയ്യുന്നതിനുള്ള ഭേദഗതി കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്റ്റിൽ കൊണ്ടുവന്നിട്ടുള്ളതായും ഒരു പ്രത്യേക സ്ഥലത്തുനിന്ന് ഒരു കൂട്ടം ആളുകളെ മറ്റൊരു സ്ഥലത്തേക്ക് എത്തിക്കുന്നതിന് മാത്രമാണ് കോൺട്രാക്ട് കാര്യേജ് അനുവദിക്കുന്നതെന്നും എന്നാൽ സ്വകാര്യ ഏജൻസികൾ എല്ലാ പോയിന്റുകളിൽ നിന്നും യാത്രക്കാരെ കയറ്റുമായിരുന്നു വെന്നും ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

ടിക്കറ്റ് ഇഷ്യൂ ചെയ്യുന്നവരും ബുക്കിംഗ് ഏജന്റും തമ്മിലായിരുന്ന കരാർ മാറ്റി, അത് യാത്ര ചെയ്യുന്ന വ്യക്തികളും LAPT ലൈസൻസുള്ള ലൈസൻസിയുമായുള്ള കരാറാക്കി നിയന്ത്രിക്കുന്നതിന് വേണ്ടിയായിരുന്നു LAPT (Licensed Agent for Public Transport) ലൈസൻസ് കൊണ്ടുവന്നത് എന്നും എന്നാൽ കേന്ദ്ര ആക്റ്റിൽ ഭേദഗതി വരുത്തിയതിനാൽ ആയതിന്റെ പ്രസക്തി നഷ്ടമായതായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

ബുക്കിംഗ് ഏജന്റുമാർ മുഖേന ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ ബസ് ജീവനക്കാർക്ക് ബുക്കിംഗ് ഏജന്റിനോട് മാത്രമേ ഉത്തരവാദിത്വം ഉണ്ടാവുകയുള്ളുവെന്നും ബുക്ക് ചെയ്ത് യാത്ര ചെയ്യുന്ന വ്യക്തിയുമായി ബസ് ജീവനക്കാർക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുകയില്ലെന്നും ആയതിനാലാണ് ജീവനക്കാർ യാത്രക്കാരോട് മോശമായി പെരുമാറുവാൻ ഇടവരുന്നതെന്നും സമാന വിഷയമാണ് കല്ലട ട്രാവൽസുമായി ബന്ധപ്പെട്ട് ഉണ്ടായതെന്നും ബഹു. ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു കൂടാതെ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് എന്നിങ്ങനെ രണ്ട് സംവിധാനമാണ് ഗതാഗത വകുപ്പിൽ നിലവിലുള്ളതെന്നും വിവിധ സ്റ്റോപ്പുകളിൽ ബസ് നിർത്തി യാത്രക്കാരെ കയറ്റുന്നതിനുള്ള അവകാശം സ്റ്റേജ് കാര്യേജ് സംവിധാനത്തിലാണുള്ളതെന്നും കോൺട്രാക്ട് കാര്യേജിൽ യാത്രക്കാരെ ഒരു പോയിന്റിൽ നിന്ന് മറ്റൊരു പോയിന്റിലേക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നതെങ്കിലും ഇടയ്ക്കുവച്ച് യാത്രക്കാരെ കയറ്റാറുള്ളതായും ആയത് നിയമവിരുദ്ധമാണെന്നും ബഹു. ഗതാഗത വകുപ്പുമന്ത്രി പറഞ്ഞു.

നേരത്തെ നിലവിലുണ്ടായിരുന്ന നിയമം വളരെ മികച്ചതായിരുന്നുവെന്നും കോൺട്രാക്ട് കാര്യേജ് സംവിധാനത്തിൽ ഇടയ്ക്കുവച്ച് യാത്രക്കാരെ കയറ്റാനോ ഇറക്കാനോ പാടില്ലെന്നും പുതിയ നിയമം ചട്ടവിരുദ്ധമാണെന്നും യാത്രക്കാരെ എവിടെ നിന്ന് കയറ്റണമെന്നത് സംസ്ഥാനത്തിന്റെ റെഗുലേഷനാണെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

കേന്ദ്ര മോട്ടോർ വെഹിക്കിൾസ് ആക്ടും റൂൾസും പോലെ സംസ്ഥാനത്തിനും ആക്ടും റൂൾസും നിലവിലുണ്ടെന്നും എന്നാൽ ട്രാഫിക്ക് ഒഫൻസസ് ആന്റ് പെനാൽറ്റീസ് കേന്ദ്ര ആക്ടാണെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

**iii. കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സംസ്ഥാനത്തെ തുറമുഖ പദ്ധതികൾ**

രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അഴീക്കൽ തുറമുഖ വികസനം, കൊല്ലം തുറമുഖത്തെ Passenger cum Multipurpose Berth-ന്റെ നിർമ്മാണം, തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് കണക്ടിവിറ്റി പ്രോജക്ടുകൾ, വിഴിഞ്ഞം റെയിൽ പ്രോജക്ടിൽ ഇക്വിറ്റി നിക്ഷേപം, വിഴിഞ്ഞം കോസ്റ്റൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ വിഷയങ്ങൾ സമിതി ചർച്ച ചെയ്തു.

തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണത്തിന് പഞ്ചായത്തിന്റെയും പി.ഡബ്ല്യൂ.ഡി. യുടെയും നിയന്ത്രണത്തിലുള്ള ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞപ്പോൾ തുറമുഖ വികസനവുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണത്തിന് യാതൊരു പ്രശ്നവുമില്ലെന്നും കണക്ടിവിറ്റി റോഡ് നിർമ്മാണത്തിന് പഞ്ചായത്തിന്റെയും പി.ഡബ്ല്യൂ.ഡി. യുടെയും കൈവശമുള്ള റോഡുകൾ ഉൾപ്പെടുന്നതായും പന്ത്രണ്ട് തുറമുഖങ്ങൾക്ക് കണക്ടിവിറ്റി റോഡുകൾ നിർമ്മിച്ചുവെന്നും നാറ്റ്പാക്കിന്റെ പരിശോധനയുടെ അടിസ്ഥാനത്തിലാണ് നിർമ്മാണത്തിനാവശ്യമായ തുക ലഭിച്ചതെന്നും തുറമുഖ വകുപ്പ് സെക്രട്ടറി മറുപടി നൽകി. കൂടാതെ പന്ത്രണ്ട് തുറമുഖങ്ങളുടെ കണക്ടിവിറ്റി റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കിയതും തുക നൽകിയതും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണെന്നും റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി മാത്രമാണ് സംസ്ഥാനം നൽകുന്നതെന്നും തുറമുഖ വകുപ്പ് സെക്രട്ടറി പറഞ്ഞു.

പഞ്ചായത്തിന്റെയും പി.ഡബ്ല്യൂ.ഡി. യുടെയും കൈവശമുള്ള ഭൂമിയിൽ റോഡ് നിർമ്മാണത്തിന് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി വാങ്ങേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് ഇക്കാര്യത്തിൽ അനുമതി ലഭിക്കുന്നത് ചെറിയൊരു വിഷയം മാത്രമാണെന്ന് തുറമുഖ വകുപ്പ് സെക്രട്ടറി മറുപടി നൽകി. റോഡ് നിർമ്മാണത്തിനുള്ള തുക നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നൽകുമെങ്കിലും തുടർ പ്രവൃത്തികൾ സംസ്ഥാനം തന്നെയാണ് പൂർത്തീകരിക്കേണ്ടതെന്ന് ബഹു. ഗതാഗത വകുപ്പുമന്ത്രി പറഞ്ഞു.

സെൻട്രൽ റോഡ് ഫണ്ട് മുഖേന നിർമ്മിക്കുന്ന റോഡുകളുടെ ഉടമസ്ഥത വിട്ടുകൊടുക്കേണ്ടതില്ലെന്നും പെർമിസീവ് സാങ്ഷൻ മാത്രമേ നൽകേണ്ടതുള്ളുവെന്നും സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി പറഞ്ഞു.

## III. നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

i. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 14-2-2018-ലെ യോഗത്തിലെ ശിപാർശയിന്മേൽ പൊതുമരാമത്ത് (ഇ) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3209/സബ്.സി.എ 2/2018/നി.സെ.)

ii. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 107 മുതൽ 111 വരെയുള്ള ശിപാർശകളിന്മേൽ ഗതാഗത (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 4540/സബ്.സി.എ 2/2017/നി.സെ.)

iii. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ 117-ന്മേൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 4540/സബ്.സി.എ 2/2017/നി.സെ.)

iv. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 106 മുതൽ 111 വരെ, 113 എന്നീ ശിപാർശകളിന്മേൽ ഗതാഗത (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 4509/സബ്.സി.എ 2/2016/നി.സെ.)

v. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശ 131, 132 എന്നിവയിന്മേൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4509/സബ്.സി.എ 2/2016/നി.സെ.)

## IV. ഗതാഗത വകുപ്പ് ലഭ്യമാക്കിയ കരട് ചട്ടങ്ങളുടെ പരിഗണന

1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 371, 95(10)എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 4800/സബ്.സി.എ 2/2019/നി.സെ.)

സമിതിയുടെ അഖിലേന്ത്യാ പഠന പര്യടനവുമായി ബന്ധപ്പെട്ട് മഹാരാഷ്ട്ര, ഗുജറാത്ത്, മദ്ധ്യപ്രദേശ്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനുള്ള കരട് രൂപരേഖ തയ്യാറാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

(യോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.)

## 14-11-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2019 നവംബർ 14-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
2. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.
3. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീമതി കെ. മിനി, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്
4. ശ്രീമതി ഹൃഗീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്
5. ശ്രീ. ശശികുമാർ ടി., ചീഫ് ഇലക്ട്രിക്കൽ എക്സാമിനർ, പൊതുമരാമത്ത് വകുപ്പ്
6. ശ്രീ. രാജീവ് പി. എസ്., ചീഫ് ആർക്കിടെക്റ്റ്, പൊതുമരാമത്ത് വകുപ്പ്.

സമിതി, കാര്യവിവരപ്പട്ടികയിലെ വിവിധ വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

## I. ചട്ടം 235 എ പ്രകാരമുള്ള ചർച്ച

i. ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ

ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എല്ലാ ഡിവിഷനുകളുടെയും കീഴിലുള്ള കെട്ടിടങ്ങൾ അസറ്റ് രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ചും വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള PRICE-2 സോഫ്റ്റ് വെയറിനെക്കുറിച്ചും സമിതി ചർച്ച ചെയ്തു. തുടർന്ന് അറ്റകുറ്റപ്പണികൾക്കായി '2059-60-053-99-18-Other Buildings', '2059-01-053-99-18-Maintenance of Office Buildings' എന്നീ ശീർഷകങ്ങളിലായി 85 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെങ്കിലും 38.43 കോടി രൂപ മാത്രം ചെലവഴിച്ചത് ബിൽ ലഭിക്കാത്തതു കൊണ്ടാണോയെന്ന് സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ആരാഞ്ഞു. ബിൽ ലഭിക്കാത്തതുകൊണ്ടാണ് പണം ചെലവഴിക്കാൻ സാധിക്കാത്തതെന്നും പ്രവൃത്തികൾ പൂർത്തിയാകുന്ന തിനനുസരിച്ച് ബില്ലുകൾ മാറാൻ സാധിക്കുമെന്നും ചീഫ് എഞ്ചിനീയർ (ഡിസൈൻ) സമിതിയെ അറിയിച്ചു.

ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ii. വൈദ്യുത വാഹന നയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ

സംസ്ഥാനത്തിന്റെ വൈദ്യുത വാഹന നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ സമിതി ചർച്ച ചെയ്തു. തുടർന്ന് വൈദ്യുത വാഹന വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിച്ച 'EVOLVE' എക്സ്പോ, വൈദ്യുത വാഹനങ്ങൾ വ്യാപകമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, ഇലക്ട്രിക് ബസുകളുടെ നിർമ്മാണം, ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകുന്നത്, റെന്റ് എ ബൈക്ക് ലൈസൻസുകൾ അനുവദിക്കുന്നത് എന്നിവയെക്കുറിച്ചും സമിതി ചർച്ച ചെയ്യുകയും ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

**II. അപകടാവസ്ഥയിലായ പാലങ്ങളുടെയും കലുങ്കുകളുടെയും പുനരുദ്ധാരണത്തിനായി 24-4-2018-ൽ സമിതി നൽകിയ നിർദ്ദേശങ്ങളിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

അപകടാവസ്ഥയിലായ പാലങ്ങളുടെയും കലുങ്കുകളുടെയും പുനരുദ്ധാരണത്തിനായി 24-4-2018-ലെ യോഗത്തിൽ സമിതി നൽകിയ നിർദ്ദേശങ്ങളിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.)

## 26-12-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2019 ഡിസംബർ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഹാജരായിരുന്നു.

<u>ഹാജരായ അംഗം</u> :

ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീമതി മാലതി എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
3. ശ്രീമതി ആനി ജൂല തോമസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. പി. ടി. ജോയി, ഡെപ്യൂട്ടി സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട്സ്
5. ശ്രീ. എം. പി. ദിനേഷ്, സി.എം.ഡി., കെ.എസ്.ആർ.ടി.സി.

6. ശ്രീ. ജെറോമിക് ജോർജ്, സി.ഇ.ഒ., കേരള മാരിടൈം ബോർഡ്

7. ശ്രീ. എം. എസ്. രഞ്ജിത്, ചീഫ് സർവ്വേയർ, കേരള മാരിടൈം ബോർഡ്

8. ശ്രീ. എം. അശോക് കുമാർ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (എൻ.എച്ച്. ഡിവിഷൻ).

9. ശ്രീമതി എൽ. ബീന, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (റോഡ്സ് ഡിവിഷൻ)

സമിതി, കാര്യവിവരപ്പട്ടികയിലെ വിവിധ വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ ഗതാഗത (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്**

(ഫയൽ നമ്പർ 4509/സബ്.സി.എ 2/2016/നി.സെ.)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശ 112-ന്മേൽ ഗതാഗത (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**II. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ ഗതാഗത (എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്.**

(ഫയൽ നമ്പർ 3014/സബ്.സി.എ 2/2019/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ 127-ന്മേൽ ഗതാഗത (എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**III. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ 93, 96 എന്നിവയിന്മേൽ മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്.**

(ഫയൽ നമ്പർ 3014/സബ്.സി.എ 2/2019/നി.സെ.)

ശിപാർശ 93

3051-02-101-99— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും - പോർട്ട് ഡിപ്പാർട്ട്മെന്റ്

2019-20 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം രൂപയാണ് പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളതെന്നും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അധിക തുക ആവശ്യമാകുമെന്നുള്ളതിനാലാണ് 8 ലക്ഷം രൂപ അവശ്യപ്പെട്ടതെന്നും കേരള മാരിടൈം ബോർഡ് സി.ഇ.ഒ. പറഞ്ഞു.

അധിക തുക ആവശ്യം വരുന്ന മുറയ്ക്ക് ധനഃപുനവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ആവശ്യപ്പെടുന്നതാണെന്ന് നടപടി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായി എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രദ്ധയിൽപ്പെടുത്തി. എസ്റ്റിമേറ്റ് ലഭിച്ചാലുടൻ അറ്റകുറ്റപ്പണി ചെയ്യാവുന്നതാണെന്ന് കേരള മാരിടൈം ബോർഡ് സി.ഇ.ഒ. മറുപടി നൽകി.

ശിപാർശ 93-ന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ശിപാർശ-96

3051-02-102-98 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - അന്വേഷണവും രക്ഷാനടപടിയും

കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, ജലവാഹനങ്ങൾക്കുള്ള ഇന്ധന ചെലവ്, പി.ഒ.എൽ. എന്നിവയ്ക്കുള്ള പ്രസ്തുത ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 1,12,44,000 രൂപ അനുവദിച്ചിരുന്നുവെന്നും 13 ലക്ഷം രൂപയാണ് അധികമായി ആവശ്യപ്പെട്ടിരുന്നതെന്നും കേരള മാരിടൈം ബോർഡ് സി.ഇ.ഒ. പറഞ്ഞു.

ശിപാർശ 96-ന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

## IV. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങളിന്മേൽ പൊതുമരാമത്ത് (എച്ച്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 2563/സബ്.സി.എ 2/2017/നി.സെ.)

നാറ്റ്പാക് പുതുതായി കണ്ടെത്തിയ അപകട സാധ്യത കൂടിയ മേഖലകളിൽ 46 ബ്ലാക്ക് സ്പോട്ടുകൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകൾ സംയുക്തമായി സ്ഥല പരിശോധന പൂർത്തീകരിക്കുകയും അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച്

വരുന്നതായും റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ്, എൻഫോഴ്സ്മെന്റ്, എമർജൻസി റെസ്പോൺസിബിൾ, എഡ്യൂക്കേഷൻ ആന്റ് ഇവാല്യൂവേഷൻ എന്നീ അഞ്ച് കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നടപടി സ്വീകരിച്ചിട്ടുള്ളതായും എം. സി. റോഡിൽ 'സേഫ് റോഡ് കോറിഡോർ' നടപ്പിലാക്കിയിട്ടുള്ളതായും ഓരോ ജില്ലയിലും എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ടാണ് സമിതിക്ക് നൽകിയിട്ടുള്ളതെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി പറഞ്ഞു. നിലവിലെ സ്ഥിതിയിന്മേൽ റോഡ് സുരക്ഷ എങ്ങനെ നടപ്പിലാക്കാം എന്നതാണ് പൊതുമരാമത്ത് വകുപ്പിന് മുമ്പിലുള്ള വെല്ലുവിളിയെന്നും വകുപ്പ് അതനുസരിച്ച് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ എല്ലാ സാമ്പത്തിക വർഷവും പൊതുമരാമത്ത് വകുപ്പ് പദ്ധതിയേതര ഫണ്ടുപയോഗിച്ച് ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന മാനദണ്ഡ പ്രകാരമുള്ള സൈൻ ബോർഡുകൾ ജില്ലാ ഓഫീസിൽ നിന്നുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സ്ഥാപിച്ചുവരുന്നതായി പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. റോഡുകളിൽ പരസ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സൈൻ ബോർഡുകൾ, ബാരിക്കേഡുകൾ എന്നിവയ്ക്ക് അനുവാദം നൽകാറില്ലായെന്നും അനുമതിയില്ലാതെ സ്ഥാപിക്കുന്നവ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട് നീക്കം ചെയ്യുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും നടപടി സ്വീകരിച്ചു വരുന്നതായും തുടർന്ന് അറിയിച്ചു.

കൂടാതെ തിരൂർ-കടലുണ്ടി റോഡിൽ താനൂരിൽ നടന്ന ടാങ്കർ ലോറി അപകടത്തെത്തുടർന്ന് പ്രസ്തുത ഭാഗത്ത് റമ്പിൾസ്ട്രിപ്പ്, ഷെവറോൺ ബോർഡുകൾ, അപകട മേഖല എന്നെഴുതിയ ബോർഡ്, സീബ്രാലൈൻ എന്നിവ സ്ഥാപിക്കുന്നതിനായി "Providing Traffic Safety Measures at Accident Prone Area Jyothy S Curve at Tirur-Kadalundi Road in Tanur LAC in Malappuram District" എന്ന പേരിൽ പ്രവൃത്തി ആസൂത്രണം ചെയ്ത് 18-11-2016-ന് പൂർത്തീകരിച്ചിട്ടുള്ളതായും പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ) ചീഫ് എഞ്ചിനീയർ സമിതിയിൽ ബോധിപ്പിച്ചു.

ടാങ്കർ ലോറി അപകടം നടന്ന താനൂരിൽ ചീഫ് എഞ്ചിനീയർ പരാമർശിച്ച പ്രകാരമുള്ള പ്രവൃത്തി ആസൂത്രണം ചെയ്ത് 18-11-2016-ൽത്തന്നെ പൂർത്തീകരിച്ചിട്ടുണ്ടെന്ന പരാമർശം ശരിയാണോയെന്ന് എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗതാഗത വകുപ്പുമന്ത്രി ആരാഞ്ഞപ്പോൾ 2016-ന് ശേഷം യാതൊരു നടപടിയും റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും ഇക്കാര്യം പരിശോധിക്കാമെന്നും പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ) ചീഫ് എഞ്ചിനീയർ മറുപടി നൽകി.

സമിതിയുടെ അഞ്ചാമത്തെ ശിപാർശയിന്മേൽ, 3-9-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായും പ്രസ്തുത ഉത്തരവ് പ്രകാരം ദേശീയ പാതയുടെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദേശീയ പാത)യേയും സംസ്ഥാന ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളെയും ചുമതലപ്പെടുത്തിയിട്ടുള്ളതായും ടി ഉത്തരവ് പ്രകാരം ഓഫീസർമാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും സമിതിയുടെ ആറാമത്തെ ശിപാർശയിന്മേൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടത് ആഭ്യന്തര വകുപ്പാണെന്നും പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് വസ്തുതാപരമല്ലാത്തതിനാൽ അംഗീകരിക്കാൻ സാധിക്കില്ലായെന്നും സുഗമമായ സഞ്ചാരത്തിനുള്ള റോഡുകൾ കയ്യേറി കച്ചവടം നടത്തുകയും അധിവസിക്കുകയും ചെയ്യുന്നതായും റോഡ് സുരക്ഷ, കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായതിനാൽ വിശദമായി ചർച്ച ചെയ്യേണ്ടതാണെന്നും സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. റോഡ് സുരക്ഷയ്ക്കായി ചെലവഴിക്കുന്ന തുകയുടെ അൻപത് ശതമാനം പോലും വേണ്ടത്ര പ്രയോജനപ്പെടുന്നില്ലെന്നും റോഡുകൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നും ഓരോ ജില്ലയിലേയും അനധികൃത കയ്യേറ്റം സംബന്ധിച്ച് റോഡ് സേഫ്റ്റി അതോറിറ്റി വിശദമായ കണക്കെടുക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എറണാകുളത്ത് റോഡിലെ കുഴിയിൽ വീണ് ഒരാൾ മരിച്ച സംഭവത്തിൽ പൊതുമരാമത്ത് വകുപ്പിലെ നാല് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തതായും എന്നാൽ റോഡിൽ കുഴിയുണ്ടാക്കിയ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത വിഷയത്തിൽ റോഡിൽ കുഴി കുഴിച്ചവരും അത് അടയ്ക്കാതിരുന്നവരും ഉത്തരവാദികളാണെന്നും ഇതുമായി ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും നടപടിക്ക് വിധേയരാകണമെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

അപകടക്കുഴി ഉണ്ടെന്നുള്ള സൈൻ ബോർഡ് വയ്ക്കാത്തതുകൊണ്ടാണ് പൊതുമരാമത്ത് വകുപ്പിലെ നാല് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

ജർമ്മൻ മെഷീൻ ഉപയോഗിച്ച് ദേശീയപാത പുനർ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആലപ്പുഴ എക്സ്‌റേ കവല മുതൽ അരൂർ വരെയുള്ള റോഡിന്റെ രണ്ട് വശത്തുമുള്ള കടകൾ മൂന്ന് തവണ മാറ്റിയെങ്കിലും വീണ്ടും അവിടെ കടകൾ സ്ഥാപിച്ചിരിക്കുകയാണെന്നും ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മുൻവശത്തുള്ള അനധികൃത കടകൾ മാറ്റുന്നതിന് പോലീസോ റവന്യൂ ഉദ്യോഗസ്ഥരോ നടപടി സ്വീകരിക്കുന്നില്ലായെന്നും പ്രാദേശിക നേതാക്കളുടെ സഹായം കൊണ്ടാണ് കടകൾ സ്ഥാപിക്കുന്നതെന്നും പൊതുമരാമത്ത് റോഡിലുള്ള എല്ലാ കടകളും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും S.I. അതിനുള്ള നടപടി സ്വീകരിക്കുന്നില്ലായെങ്കിൽ ഡി.ജി.പി.-യെ അറിയിക്കുകയോ ഗവ. സെക്രട്ടറിക്ക് കത്ത് നൽകുകയോ ചെയ്യണമെന്നും ഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന റോഡുകൾ പരിപാലിക്കാൻ ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ടെന്നും സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി അറിയിച്ചു.

ചങ്ങനാശ്ശേരിയിലും പ്രാദേശിക നേതാവിന്റെ സഹായത്തോടെ റോഡുകളിൽ കടകൾ സ്ഥാപിച്ചിട്ടുള്ളതായും എന്നാൽ ഇത് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും അവിടുത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ലഭിച്ചിട്ടില്ലായെന്നും ചില പ്രാദേശിക നേതാക്കൾ റോഡുകളുടെ ഇരുവശങ്ങളിൽ കടകൾ സ്ഥാപിക്കാൻ സഹായിക്കുകയും കടകളിൽ നിന്ന് ദിവസവും നിശ്ചിത തുക വാങ്ങുകയാണെന്നും അതിനാലാണ് കടകൾ നീക്കം ചെയ്താലും വീണ്ടും സ്ഥാപിക്കപ്പെടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദേശീയപാതയുടെ മുന്നിൽ ഒരു ഭാഗവും കയ്യേറിയിരിക്കുകയാണെന്നും ആയതിന് മാറ്റം വരണമെങ്കിൽ പഞ്ചായത്തും മുനിസിപ്പാലിറ്റിയും പോലീസും കർശന നിലപാട് സ്വീകരിക്കണമെന്നും സമിതി ചെയർമാൻ പറഞ്ഞു. കയ്യേറ്റം ഒഴിപ്പിച്ച ശേഷം വീണ്ടും കടകൾ സ്ഥാപിച്ചാൽ ജാമ്യം ലഭിക്കാത്ത വകുപ്പനുസരിച്ച് കേസ് എടുക്കാൻ വ്യവസ്ഥയുള്ളതായും സെമി ജുഡീഷ്യൽ പവറുള്ള സി.ഇ. മുതൽ എ.ഇ. വരെയുള്ള ഉദ്യോഗസ്ഥർ ഈ അധികാരം ഉപയോഗിക്കുന്നില്ലായെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ദേശീയ പാതയിൽ പാളയം മുതൽ കിഴക്കേകോട്ട വരെയുള്ള റോഡിന്റെ രണ്ട് വശങ്ങളിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് കോർപ്പറേഷൻ തുക ഈടാക്കുന്നത് നിയമവിരുദ്ധമാണെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

കിഫ്ബി പദ്ധതി വഴി നിർമ്മിക്കുന്ന ആദ്യ റോഡായ അമ്പലപ്പുഴ-തിരുവല്ല റോഡിൽ ഒരു കിലോമീറ്ററിന് 3 കോടി രൂപയാണ് ചെലവാകുന്നതെന്നും പ്രസ്തുത റോഡ് 54 തവണ വെട്ടിപ്പൊളിച്ച വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്കെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും അവിടെ ദേശീയപാതയിൽ നിന്ന് കിഴക്ക് വശത്തേയ്ക്ക് കിലോമീറ്ററുകളോളം രണ്ട് വശത്തും കാറും ഇരുചക്ര വാഹനങ്ങളും പാർക്ക് ചെയ്തിരിക്കുകയാണെന്നും ഇതിനെതിരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലായെന്നും സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി പറഞ്ഞു. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരും പോലീസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റോഡ് സേഫ്റ്റി വിഭാഗവും ഉത്തരവാദിത്വങ്ങൾ നിർവഹിക്കാത്തതിനാലാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

25-12-2019-ലെ കേരള കൗമുദി ദിനപത്രത്തിൽ തിരുവനന്തപുരത്തെ തകർന്ന റോഡുകളെക്കുറിച്ച് വാർത്ത വന്നിരുന്നതായും ആഗസ്റ്റ് മാസത്തിൽ അറ്റകുറ്റപ്പണിക്ക് മാത്രമായി 64 കോടി രൂപയാണ് തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചതെന്നും സമിതി ചെയർമാൻ പറഞ്ഞു.

കഴക്കൂട്ടത്തിനടുത്ത് റോഡിന്റെ നടുവിൽ ചെറിയ പാറകൾ വിതറിയിരിക്കുകയാണെന്നും അവിടെ ഉള്ള കുഴിയിൽ ഇരുചക്രവാഹനത്തിൽ സഞ്ചരിക്കുന്നവർ വീണ് അപകടത്തിൽപ്പെടാനുള്ള സാധ്യതയുള്ളതായും ഇതിനെല്ലാം പരിഹാരം ഉണ്ടാക്കണമെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

'റോഡ് സുരക്ഷ'യുമായി ബന്ധപ്പെട്ട വിഷയം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുള്ളതിനാൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കാമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

റോഡുകൾ കയ്യേറി കടകളും മറ്റും സ്ഥാപിക്കുന്നവർക്കെതിരെ പൊതുമരാമത്ത് ഉദ്യോഗസ്ഥർക്ക് മാത്രമായി നടപടി സ്വീകരിക്കുവാൻ കഴിയില്ലെന്നും റവന്യൂ, പോലീസ് മറ്റ് വകുപ്പുകൾ എന്നിവയുടെ കൂട്ടായ ശ്രമം അതിനാവശ്യമാണെന്നും എക്സ്-ഒഫീഷ്യോ അംഗം ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

റോഡുകളിലെ കയ്യേറ്റങ്ങളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള ഒരു റിപ്പോർട്ട് രണ്ടാഴ്ച്ചയ്ക്കുള്ളിൽ സമർപ്പിക്കണമെന്നും റോഡിലെ Right of the way-ക്കുള്ളിൽ നിൽക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും എണ്ണം എത്രയെന്ന് കണക്കെടുക്കണമെന്നും കയ്യേറ്റം പഴയതാണോ പുതിയതാണോ, പ്രസ്തുത കെട്ടിടങ്ങളുടെ സ്വഭാവം (സ്ഥിരം കെട്ടിടം, താൽക്കാലിക കെട്ടിടം) തുടങ്ങിയവയും റിപ്പോർട്ടിൽ വ്യക്തമാക്കണമെന്നും 2020 ജനുവരി 25-ാം തീയതിക്കകം പൊതുമരാമത്ത് റോഡ്സ്, ബ്രിഡ്ജസ്, നാഷണൽ ഹൈവേ എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു. റിപ്പോർട്ട് സമർപ്പിക്കാമെന്ന് ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ) സമിതിയെ അറിയിച്ചു.

**V. ആലപ്പുഴ ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ബോട്ടുകളുടെ രജിസ്ട്രേഷൻ, ലൈസൻസ്, സുരക്ഷാ ക്രമീകരണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് സമിതി ഉന്നയിച്ച ചോദ്യാവലിയിന്മേൽ മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് ലഭ്യമാക്കിയ മറുപടി.**

(ഫയൽ നമ്പർ 617/സബ്.സി.എ.2/2019/നി.സെ.)

4-1-2019-ൽ ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ യോഗം ചേരുന്നതിനായി ഒരു ചോദ്യാവലി തയ്യാറാക്കിയിരുന്നതായും പ്രസ്തുത ചോദ്യാവലിക്കുള്ള മറുപടിയാണ് മത്സ്യബന്ധന തുറമുഖ വകുപ്പ് ലഭ്യമാക്കിയിരിക്കുന്നതെന്നും യോഗത്തിൽ സമിതി നൽകിയ ശിപാർശകളിൽ 5, 7, 8 എന്നീ ക്രമനമ്പരുകളിലുള്ള ശിപാർശകൾക്ക് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളതെന്നും ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി ശിപാർശകളിന്മേലുള്ള മറുപടി ഉടൻ സമർപ്പിക്കാമെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു. വകുപ്പ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ശിപാർശകൾ പരിശോധിക്കുന്നതായിരിക്കും ഉചിതമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. ചോദ്യാവലിയിന്മേലുള്ള മറുപടിയും അതിനോടൊപ്പം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

**VI. കേരള സ്റ്റേറ്റ് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായുള്ള യോഗം-പദ്ധതിയുടെ സെന്റേജ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്**

(ഫയൽ നമ്പർ 2770/സബ്.സി.എ 2/2017/നി.സെ.)

കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പദ്ധതികളും 100 കോടി രൂപയ്ക്ക് മുകളിലുള്ളവയാണെന്ന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ശരിയല്ലായെന്നും ആകെ 10-30 ശതമാനം പ്രവൃത്തികൾ മാത്രമേ 100 കോടി രൂപയ്ക്ക് മുകളിൽ വരുന്നുള്ളുവെന്നും സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി പറഞ്ഞു. റോഡ് പ്രോജക്ടുകൾ മാത്രമേ 100 കോടി രൂപയ്ക്ക് താഴെയുള്ളത്, 10 കോടി രൂപ മിനിമം വച്ച് ഒന്നായിച്ചേർത്ത് 100 കോടി രൂപയാക്കുന്നുള്ളുവെന്നും ബാക്കിയെല്ലാ പ്രോജക്ടുകളും 100 കോടി രൂപയ്ക്ക് മുകളിലുള്ളത് മാത്രമേ കിഫ്ബി ചെയ്യുന്നുള്ളുവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ആദ്യകാലങ്ങളിലൊന്നും പ്രോജക്ടുകളെ ഇത്തരത്തിൽ ഒന്നാക്കാറില്ലായിരുന്നുവെന്നും ആലപ്പുഴ ജില്ലയിൽ ഒരു പാലം മാത്രമാണ് 100 കോടി രൂപയ്ക്ക് മുകളിൽ വരുന്നതെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടപ്പോൾ നിലവിൽ അത്തരം പദ്ധതികൾ എല്ലാം ചേർന്നാണ് ചെയ്തുവരുന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

സെന്റേജ് ചാർജ്ജുമായി ബന്ധപ്പെട്ട പരാതി പരിഹരിച്ചതായി ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ധനകാര്യ വകുപ്പിൽ നിന്ന് ഇറക്കിയ സെന്റേജ് ചാർജ്ജിന്റെ നിരക്ക് ആർ.ബി.ഡി.സി.കെ.യ്ക്ക് ബാധകമാക്കണമെന്നാണ് ആദ്യം ആവശ്യപ്പെട്ടിരുന്നതെന്നും കിഫ്ബി പ്രോജക്ടുകൾ ഉയർന്ന മൂല്യമുള്ളതായതിനാൽ ആ നിരക്കിലേക്ക് വരുന്നത് ബുദ്ധിമുട്ടാണെന്നും അതിനുശേഷം സ്ലാബ് മാറ്റിയിട്ടുള്ളതായും സെന്റേജ് ചാർജ്ജ് ആർ.ബി.ഡി.സി.കെ.-യ്ക്ക് പര്യാപ്തമല്ലാതായി വരികയാണെങ്കിൽ അത് പദ്ധതി ചെലവിന്റെ ഭാഗമായി കണക്കാക്കുമെന്നും ആദ്യ ഘട്ടത്തിലാണ് പണം ആവശ്യമെന്നുണ്ടെങ്കിൽ അഡീഷണൽ സെന്റേജായി കൊടുക്കാനുള്ള വ്യവസ്ഥ വരുത്തിയിട്ടുള്ളതായും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു. സെന്റേജ് ചാർജ്ജ് നേരത്തെ കൊടുക്കണമെന്ന് സമിതി ചെയർമാൻ പറഞ്ഞപ്പോൾ വരുന്നവ മൂന്ന് ദിവസത്തിൽ കൂടുതൽ താമസിപ്പിക്കാറില്ലെന്നും സംസ്ഥാന ബഡ്ജറ്റിൽ നിന്നും വരുന്ന സെന്റേജ് ചാർജ്ജാണെങ്കിൽപ്പോലും സാമ്പത്തിക പ്രതിസന്ധി ഉള്ളതുകൊണ്ട് കിഫ്ബി സ്വന്തം ഫണ്ട് എടുത്താണ് തുക നൽകുന്നതെന്നും അറിയിച്ചു.

ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

## 18-2-2020-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2020 ഫെബ്രുവരി 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.
2. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.
3. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്
3. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ശ്രീ. ജെറോമിക് ജോർജ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.
5. ശ്രീ. ആർ. രാഹുൽ, മാനേജിംഗ് ഡയറക്ടർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്.
6. ശ്രീമതി കെ. മിനി, സ്പെഷ്യൽ സെക്രട്ടറി,, പൊതുമരാമത്ത് വകുപ്പ്
7. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം

8. ശ്രീ. എം. എൽ. ജീവരാജ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്
9. ശ്രീമതി എസ്. വി. കല, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി എൽ. ബീന, മാനേജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്
11. ശ്രീ. റജി ജോൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീ. എം. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീ. പി. കെ. അനിൽകുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
14. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ ( കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്), പൊതുമരാമത്ത് വകുപ്പ്
15. ശ്രീ. ഹൈഗീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്
16. ശ്രീമതി കെ. ആർ. മധുമതി, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്
17. ശ്രീ. കെ. തങ്കപ്പൻ, സെക്രട്ടറി, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
18. ശ്രീമതി റ്റി. എസ്. സിന്ധു, ജനറൽ മാനേജർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
19. ശ്രീ. സിബി ജെ. പുല്ലോപ്പിള്ളിൽ, ചീഫ് ഫിനാൻസ് ഓഫീസർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
20. ശ്രീമതി റെയ്ച്ചൽ ജോർജ്, സീനിയർ ഫിനാൻസ് ഓഫീസർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്
21. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നീ ധനാഭ്യർത്ഥനകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XL -തുറമുഖങ്ങൾ

### 3051 -തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും

3051-02-001-97— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും- സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോർ ഓർഗനൈസേഷൻ സ്ഥാപിക്കലും

ടഗ്ഗുകൾ, ബാർജ്ജുകൾ, മറ്റ് ജലവാഹനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നീണ്ടകരയിലും ബേപ്പൂരിലും പ്രവർത്തിക്കുന്ന വർക്ക്ഷോപ്പിലെ ജീവനക്കാരുടെയും തുറമുഖ ഡയറക്ടറേറ്റിൽ ചീഫ് മെക്കാനിക്കൽ എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും യാത്രാബത്ത, ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ശീർഷകങ്ങളിലും വർക്ക്ഷോപ്പിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ് നൽകുന്നതിന് സാലറി ഓവർടൈം എന്ന ശീർഷകത്തിലുമായി 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-99— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം- പോർട്ടാഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടാഫീസർമാരുടെ ഓഫീസുകളിലേയും മറ്റ് സബ് ഓഫീസുകളിലേയും ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ഓവർടൈം അലവൻസ്, വേതനം, ദിവസവേതനം, യാത്രാ ചെലവുകൾ, ടെലിഫോൺ ചാർജ്ജുകൾ, വാടക, കരം, നികുതി, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾ എന്നിവയുമായി ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-98— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - അന്വേഷണവും രക്ഷാനടപടിയും

കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, ജലവാഹനങ്ങൾക്കുള്ള ഇന്ധനച്ചെലവ്, പി.ഒ.എൽ. എന്നിവയുമായി ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-97 — <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ- ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഡ്രെഡ്ജിംഗ് യൂണിറ്റ്</u>

തുറമുഖങ്ങളിലെ അത്യാവശ്യ മണ്ണുമാന്തൽ പ്രവർത്തനത്തിന് വേണ്ടിയുള്ള ഗ്രാബ് ഡ്രെഡ്ജറുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, മറ്റിനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-04-1— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - യാത്രാ ചെലവുകൾ- യാത്രാ ബത്ത</u>

ഈ ശീർഷകത്തിൽ 5.59 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-04-2— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത</u>

ഈ ശീർഷകത്തിൽ 12,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-04-4— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- യാത്രാ ചെലവുകൾ- അവധി യാത്രാനുകൂല്യം</u>

ഈ ശീർഷകത്തിൽ 33,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-1 — <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ- വെള്ളക്കരം</u>

ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-2— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

ഈ ശീർഷകത്തിൽ 3.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-3— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്</u>

ഈ ശീർഷകത്തിൽ 4.29 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-4— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

ഈ ശീർഷകത്തിൽ 6.98 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-06— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - വാടക, കരം നികുതി</u>

ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-12— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-21-1— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങുന്നതിന്</u>

നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ വളരെ പഴക്കം ചെന്നതിനാൽ പുതിയ വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-21-2— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഈ ശീർഷകത്തിൽ 2.43 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-45— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - പി.ഒ.എൽ.</u>

ഈ ശീർഷകത്തിൽ 1.97 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98- 97— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - വാഹനം വാടകയ്ക്ക് എടുക്കുന്നത്</u>

വകുപ്പിന്റെ രണ്ട് സർക്കിൾ ഓഫീസുകളിലും അഞ്ച് ഡിവിഷൻ ഓഫീസുകളിലും വാഹനം ഇല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-101-98— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്</u>

ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-99— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ-ഡ്രെഡ്ജിംഗും സർവ്വേയിങ്ങും- ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം</u>

ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-99-01-4— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം- ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-99-45— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ-ഡ്രെഡ്ജിംഗും സർവ്വേയിങ്ങും- ഹൈഡ്രോഗ്രാഫിക്ക് സർവ്വേ വിഭാഗം- പി.ഒ.എൽ.</u>

ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5051 – തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്**

5051-80-001-98— <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - ഭരണവും നടത്തിപ്പും - തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിൽ നവീകരണം, ഗവേഷണം, വികസനം</u>

ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5051-80-800-72— <u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്-ജനറൽ - മറ്റ് ചെലവുകൾ - ഇരവിപുരം പരവൂർ തീരദേശ റോഡ്</u>

ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5051-80-800-75— ഇറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയുള്ള മൂലധനച്ചെലവ്- ജനറൽ - മറ്റ് ചെലവുകൾ- നിരീക്ഷണ കപ്പലുകളുടെ നവീകരണം

പുതിയ വെസൽ വാങ്ങുന്നതിനും 2 വെസലുകളുടെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്**

പൊതുമരാമത്ത് എന്ന XV നമ്പർ ധനാഭ്യർത്ഥനയ്ക്ക് കീഴിൽ പ്രധാനപ്പെട്ട നാല് ശീർഷകങ്ങളാണുള്ളതെന്നും കഴിഞ്ഞ വർഷം പദ്ധതി വിഹിതത്തിൽ 1500 കോടി രൂപ അനുവദിച്ചിരുന്നത് ഇപ്പോൾ 1100 കോടി രൂപയായി കുറഞ്ഞുവെന്നും KSTP-ക്ക് 400 കോടി രൂപ, RKI-ക്ക് 250 കോടി രൂപ, പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിന് 1 കോടി രൂപ എന്നിങ്ങനെയാണ് അനുവദിച്ചിരിക്കുന്നതെന്നും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**2059 - പൊതുമരാമത്ത്**

2059-01-051— പൊതുമരാമത്ത് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം

നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-01-053— പൊതുമരാമത്ത്- ഓഫീസ് കെട്ടിടങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 16 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-60-051— <u>പൊതുമരാമത്ത് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം</u>

വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട പണികൾക്കായും നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങളിലെ ചെറുകിട മരാമത്ത് പണികൾക്കായും കേരള ഹൗസ് ന്യൂഡൽഹിയിലെ പണികൾക്കായും ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-60-053— <u>പൊതുമരാമത്ത്- മറ്റു കെട്ടിടങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റ് സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-99 (01)— <u>പൊതുമരാമത്ത് - ജനറൽ- ഭരണവും നടത്തിപ്പും- നടത്തിപ്പ് - നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)</u>

(02) - <u>നടത്തിപ്പ് (ചീഫ് ആർക്കിടെക്ക്, പൊതുമരാമത്ത്)</u>

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ചീഫ് ആർക്കിടെക്ടിന്റെയും ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.1701 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-98— <u>പൊതുമരാമത്ത് - ജനറൽ -ഭരണവും നടത്തിപ്പും-മേൽനോട്ടം</u>

കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.1622 കോടി രൂപ അധികമായി . ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-97— <u>പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും-നിർവ്വഹണം</u>

കെട്ടിട വിഭാഗത്തിന് കീഴിലുള്ള 21 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 14.14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-003-99— <u>പൊതുമരാമത്ത്- ജനറൽ- പരിശീലനം- ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പരിശീലനം</u>

31-1-2020-ലെ GO (Rt) No. 881/2020/fin. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 12 ഡിവിഷണൽ അക്കൗണ്ടന്റ് ട്രെയിനിമാരെ നിയമിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-053— <u>പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വൈദ്യുത സാമഗ്രികളുടെ സംരക്ഷണത്തിനും രാജ്ഭവൻ സജ്ജീകരിക്കലിനും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങൾ, സെക്രട്ടേറിയറ്റ് എന്നിവയുടെ സംരക്ഷണത്തിനും കേരള ഹൗസ് ന്യൂഡൽഹിയിലെ പണികൾക്കുമായി ഈ ശീർഷകത്തിൽ 2.05 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-800 — <u>പൊതുമരാമത്ത് - ജനറൽ - മറ്റ് ചെലവ്</u>

കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച പണം ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞപ്പോൾ 2019 മാർച്ച് മാസത്തിന് ശേഷം പേയ്മെന്റ് കൊടുത്തിട്ടില്ലായെന്നും 2019 ഏപ്രിൽ മുതലുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിച്ചിട്ടില്ലായെന്നും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ മറുപടി നൽകി. ലെറ്റർ ഓഫ് ക്രെഡിറ്റ് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് നൽകുമ്പോഴാണ് പണം ചെലവഴിക്കപ്പെടുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജുകൾക്കായി ഈ ശീർഷകത്തിൽ 1.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**3054 – റോഡുകളും പാലങ്ങളും**

3054-01-001-99— റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേയ്സ്- ഭരണവും നടത്തിപ്പും- ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ യാത്രാബത്ത, സ്ഥലംമാറ്റബത്ത, അവധി യാത്രാനുകൂല്യം, ഓഫീസ് ചെലവുകൾ, മറ്റിനങ്ങൾ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 32.48 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-001-98— റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേയ്സ്- ഭരണവും നടത്തിപ്പും- മേൽനോട്ടവും നിർവ്വഹണവും

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, വെള്ളക്കരം, പി.ഒ.എൽ. ഇനത്തിലെ കുടിശ്ശിക, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 71 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-337-99— റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേയ്സ്- റോഡുപണികൾ- സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ

സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് ഈ ശീർഷകത്തിൽ 14.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-800-99— റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേയ്സ് - മറ്റ് ചെലവ് - മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾക്കായി ഈ ശീർഷകത്തിൽ 4.56 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-102-99— <u>റോഡുകളും പാലങ്ങളും- സംസ്ഥാന ഹൈവേകൾ- പാലങ്ങൾ- സാധാരണ അറ്റകുറ്റപ്പണികൾ</u>

സംസ്ഥാന ഹൈവേകളിലെ പാലങ്ങളുടെ അവിചാരിതമായി ഉണ്ടായേക്കാവുന്ന അറ്റകുറ്റപ്പണികൾക്ക് താമസം കൂടാതെ ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകുന്നതിന് ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-102-98— <u>റോഡുകളും പാലങ്ങളും- സംസ്ഥാന ഹൈവേകൾ- പാലങ്ങൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ</u>

സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംഭവിച്ച പ്രളയം പാലങ്ങൾക്ക് കേടുപാടുകൾ ഉണ്ടാക്കിയതിനാൽ അവ അറ്റകുറ്റപ്പണികൾ നടത്തി പൂർവ്വസ്ഥിതിയിലാക്കാൻ അടിയന്തരമായി ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകുന്നതിന് ഈ ശീർഷകത്തിൽ 3.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-99— <u>റോഡുകളും പാലങ്ങളും- സംസ്ഥാന ഹൈവേകൾ-റോഡു പണികൾ - സാധാരണ അറ്റകുറ്റപ്പണികൾ</u>

നേരത്തെ പാലങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്തിയപ്പോൾ 500-ഓളം പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണെന്നും അതിൽ തന്നെ 170- ഓളം പാലങ്ങൾ അപകടസാധ്യത ഉള്ളതാണെന്ന് കണ്ടെത്തിയിരുന്നുവെന്നും 2017-18-ലെ ബഡ്ജറ്റിൽ അത്തരം പാലങ്ങൾ പ്രത്യേക ബഡ്ജറ്റ് പ്രൊവിഷനിൽ പുനർനിർമ്മിക്കേണ്ടതാണെന്ന് പറഞ്ഞിരുന്നുവെന്നും എന്നാൽ നാളിതുവരെ തുക അനുവദിച്ചിട്ടില്ലായെന്നും സമിതി ചെയർമാൻ ശ്രദ്ധയിൽപ്പെടുത്തി. ആയതിനാൽ 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ പഠനം നടത്തി പുനർനിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയ പാലങ്ങൾക്ക് ഫണ്ട് ഇതുവരെ അനുവദിക്കാത്തതിനാൽ ഇനിയും പുനർനിർമ്മിക്കേണ്ട പാലങ്ങൾക്ക് അധികമായി തുക നൽകണമെന്നും ആയതിനുള്ള എസ്റ്റിമേറ്റ് ബ്രിഡ്ജസ് വിഭാഗം സർക്കാരിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ബിറ്റുമിൻ വാങ്ങിയ വകയിൽ ബി.പി.സി.എൽ.-ന് നൽകാനുള്ള തുക നൽകുന്നതിനും കൺവയെൻസ് കരാറുകാർക്ക് നൽകുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-97— <u>റോഡുകളും പാലങ്ങളും- സംസ്ഥാന ഹൈവേകൾ-റോഡു പണികൾ-ഗതാഗത സൗകര്യങ്ങളുടെ സ്പെഷ്യൽ അറ്റകുറ്റപ്പണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് നൽകുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 32 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-96— <u>റോഡുകളും പാലങ്ങളും- സംസ്ഥാന ഹൈവേകൾ- റോഡു പണികൾ- വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 293 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-95— <u>റോഡുകളും പാലങ്ങളും- സംസ്ഥാന ഹൈവേകൾ- റോഡു പണികൾ- വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/ സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ച പണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-99— <u>റോഡുകളും പാലങ്ങളും- ജനറൽ- ഭരണവും നടത്തിപ്പും- നടത്തിപ്പ്</u>

പുതുതായി അനുവദിച്ച ചീഫ് എഞ്ചിനീയർ (പാലങ്ങൾ), ചീഫ് എഞ്ചിനീയർ (നിരത്ത് പരിപാലനം) എന്നീ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 7.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-98— <u>റോഡുകളും പാലങ്ങളും- ജനറൽ- ഭരണവും നടത്തിപ്പും- മേൽനോട്ടം</u>

പുതുതായി അനുവദിച്ച സർക്കിൾ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത് പരിപാലനം) ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 4.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-97— <u>റോഡുകളും പാലങ്ങളും- ജനറൽ- ഭരണവും നടത്തിപ്പും- നിർവ്വഹണം</u>

പുതുതായി അനുവദിച്ച ഡിവിഷൻ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത് പരിപാലനം) ജീവനക്കാരുടെ ശമ്പളം, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ., വാടക, കരം, നികുതി, ട്രേഡ് അപ്രന്റീസ്മാർക്കുള്ള സ്റ്റൈപന്റ് എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 81.73 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-99— <u>റോഡുകളും പാലങ്ങളും- ജനറൽ- ഗവേഷണവും പരിഷ്കരണവും- കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും പി.ഒ.എൽ. എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.56 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-98— <u>റോഡുകളും പാലങ്ങളും- ജനറൽ- ഗവേഷണവും പരിഷ്കരണവും- പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്</u>

പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡിലെ രണ്ട് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഇന്ധന ചെലവിനും കിഫ്ബി ധനസഹായത്തിലൂടെ ഡിസൈൻ വിഭാഗത്തിന് സജ്ജമായിട്ടുള്ള 14 വാഹനങ്ങളുടെ ഇന്ധന ചെലവിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 58.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-96— <u>റോഡുകളും പാലങ്ങളും- ജനറൽ- ഗവേഷണവും പരിഷ്കരണവും- പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം</u>

പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം, ഇൻവെസ്റ്റിഗേഷൻ ജോലികൾ, ഡി.പി.ആർ. തയ്യാറാക്കൽ, 150 പുതിയ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനും ആന്വൽ റോഡ് മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-93— <u>റോഡുകളും പാലങ്ങളും- ജനറൽ- ഗവേഷണവും പരിഷ്കരണവും- പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്</u>

പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം, ജീവനക്കാരുടെ ഐ.ടി. പരിശീലനം, എ.എം.സി. തയ്യാറാക്കുന്നതിനും ഐ.ടി. ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ റിപ്പയറുകൾക്കും ഐ.ടി. & ഇ-ഗവേണൻസ് ട്രെയിനിംഗിനും കൺസ്യൂമറുകളുടെ പർച്ചേസ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-107-97— <u>റോഡുകളും പാലങ്ങളും- ജനറൽ- റെയിൽവേ സുരക്ഷിതത്വ പണികൾ- കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ</u>

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക ഇനത്തിൽ ഈ ശീർഷകത്തിൽ 3.65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-95— റോഡുകളും പാലങ്ങളും- ജനറൽ- മറ്റ് ചെലവ്- റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷാ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായും നാറ്റ്പാക് കണ്ടെത്തിയ 116 ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനായും സ്കൂൾ സോണുകളുടെ മെച്ചപ്പെടുത്തലിനും ക്രാഷ് ബാരിയർ, ട്രാഫിക് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൊതുമരാമത്ത് റോഡുകളുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ വരുന്നതെങ്ങനെയെന്ന് സമിതി ചെയർമാൻ ആരാഞ്ഞപ്പോൾ റോഡ് എന്ന ഇനത്തിൽ വരുന്നതുകൊണ്ടാണെന്ന് പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) സീനിയർ ഫിനാൻസ് ഓഫീസർ മറുപടി നൽകി. നിശ്ചിത വീതിക്ക് താഴെയുള്ള റോഡുകൾ ഒന്നും തന്നെ പി.ഡബ്ല്യു.ഡി.-ൽ വരില്ലായെന്നും ആയതിനാൽ അടുത്ത ബഡ്ജറ്റിൽ അങ്ങനെയുള്ള റോഡുകളുമായി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഹെഡിലേക്ക് മാറ്റണമെന്നും സമിതി നിർദ്ദേശിച്ചു.

3054-80-800-94(03)— റോഡുകളും പാലങ്ങളും- ജനറൽ- മറ്റ് ചെലവ്- മറ്റുള്ളവ- വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും

കരാറുകാരുടെ കുടിശ്ശിക നൽകുന്നതിനും പുതിയ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-92— റോഡുകളും പാലങ്ങളും- ജനറൽ- മറ്റ് ചെലവ്- കേരള റോഡ് ഫണ്ട്

കണ്ണൂർ നഗരവികസന പദ്ധതിയുടെ സ്ഥലമെടുപ്പിനും ഡി.എഫ്.ഐ.പി. പദ്ധതികളുടെ ബില്ല് പാസാക്കി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 258 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4059 -പൊതുമരാമത്ത് മൂലധനച്ചെലവ്**

4059-01-051-99-16— പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- സംസ്ഥാന നിയമസഭ- വൻകിട മരാമത്തുപണികൾ

സംസ്ഥാന നിയമസഭയുടെ പരിഷ്കരണ ജോലികൾക്കും നവീകരണ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 8.1296 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-97-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- ഇലക്ഷൻ - വൻകിട മരാമത്തു പണികൾ</u>

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 9.51 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-96-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തു പണികൾ</u>

വിവിധ താലൂക്ക്, റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-95-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- മുദ്രപത്രങ്ങൾ, രജിസ്ട്രേഷൻ-വൻകിട മരാമത്തുപണികൾ</u>

രജിസ്ട്രാർ ഓഫീസുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 3.07 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-94-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- സ്റ്റേറ്റ് എക്സൈസ്- വൻകിട മരാമത്തു പണികൾ</u>

എക്സൈസ് കോംപ്ലക്സും ഓഫീസുകളും ഉൾപ്പെടെ പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-92-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- പബ്ലിക് സർവ്വീസ് കമ്മീഷൻ- വൻകിട മരാമത്തുപണികൾ</u>

പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 2.1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-91-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്- വൻകിട മരാമത്തുപണികൾ</u>

സെക്രട്ടേറിയറ്റിന്റെ പണികൾ പൂർത്തീകരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-90-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- ട്രഷറിയും അക്കൗണ്ടുഭരണവും- വൻകിട മരാമത്ത പണികൾ</u>

ട്രഷറി ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1.93 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-88-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- ജയിൽ- വൻകിട മരാമത്തുപണികൾ</u>

ജയിൽ ഡി.ജി.പി, ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 1.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-87-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- സ്റ്റേഷനറിയും അച്ചടിയും- വൻകിട മരാമത്തുപണികൾ</u>

സ്റ്റേഷനറി അച്ചടി വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 29 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-86-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- പൊതുമരാമത്ത പണികൾ (സിവിൽ ജോലികൾ)- വൻകിട മരാമത്തുപണികൾ</u>

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും ഈ ശീർഷകത്തിൽ 82.5126 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-83-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- രാജ്ഭവൻ മരാമത്ത പണികൾ- വൻകിട മരാമത്തുപണികൾ</u>

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-82-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്- വൻകിട മരാമത്തുപണികൾ</u>

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-75-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- വാണിജ്യ നികുതി വകുപ്പ്- വൻകിട മരാമത്തുപണികൾ</u>

വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-72 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും</u>

വില്ലേജ് ഓഫീസുകളുടെയും റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെയും പണികൾക്കായി ഈ ശീർഷകത്തിൽ 5.78 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-71-16— പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ- പൊതുമരാമത്ത പണികൾ (കെട്ടിടങ്ങൾ)- വൻകിട മരാമത്തുപണികൾ

മാന്ദ്യ വിരുദ്ധ പാക്കേജിലെ പണികൾക്കായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-64— പൊതുമരാമത്ത് മൂലധനച്ചെലവ്- ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം- നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി

ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-86-16— പൊതുമരാമത്ത് മൂലധനച്ചെലവ്- മറ്റ് കെട്ടിടങ്ങൾ- നിർമ്മാണം- പൊതുമരാമത്തുപണികൾ (സിവിൽ പണികൾ)- വൻകിട മരാമത്തുപണികൾ

സംസ്ഥാനത്തെ വിവിധ റസ്റ്റ് ഹൗസുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും പണികൾക്കായി ഈ ശീർഷകത്തിൽ 2.78 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-85-16— പൊതുമരാമത്ത് മൂലധനച്ചെലവ്- മറ്റു കെട്ടിടങ്ങൾ- നിർമ്മാണം- അഗ്നി പ്രതിരോധവും നിയന്ത്രണവും- വൻകിട മരാമത്തുപണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 3.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-83— പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ- നിർമ്മാണം- രാജ്ഭവൻ (മരാമത്തുപണികൾ)

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി തുകയൊന്നും അനുവദിക്കാത്തതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-77-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- മറ്റു കെട്ടിടങ്ങൾ- നിർമ്മാണം- നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം- വൻകിട മരാമത്തുപണികൾ</u>

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 1.654 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-72-16— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- മറ്റു കെട്ടിടങ്ങൾ-നിർമ്മാണം- നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി- വൻകിട മരാമത്തുപണികൾ</u>

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-71— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- മറ്റു കെട്ടിടങ്ങൾ- നിർമ്മാണം- ജയിലുകളുടെ ആധുനികവൽക്കരണം</u>

ജയിലുകളുടെ ആധുനികവൽക്കരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-69— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- മറ്റു കെട്ടിടങ്ങൾ-നിർമ്മാണം- ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം- 60 % കേന്ദ്ര വിഹിതം)</u>

60% കേന്ദ്ര സഹായം ഉള്ള ഈ ശീർഷകത്തിൽ കോടതി കെട്ടിടങ്ങളുടെ പണികൾക്കായി 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-79— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ജനറൽ- നിർമ്മാണം- ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം</u>

ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-78-16 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ജനറൽ- നിർമ്മാണം- സൈനിക സ്കൂൾ- വൻകിട മരാമത്തുപണികൾ</u>

സൈനിക സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-75— <u>പൊതുമരാമത്ത് മൂലധനച്ചെലവ്- ജനറൽ- നിർമ്മാണം- സൂക്ഷ്മ പരിശോധനാ പ്രവൃത്തികൾ</u>

പ്രസ്തുത ഹെഡിൽ 'സൂക്ഷ്മ പരിശോധനാ പ്രവൃത്തികൾ' എന്നതിനുപകരം 'ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ' എന്ന് ചേർക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സൂക്ഷ്മ പരിശോധനാ പ്രവൃത്തികൾക്കായി തുകയൊന്നും അനുവദിക്കാത്തതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5054 –റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്**

5054-01-337-99— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -നാഷണൽ ഹൈവേകൾ- റോഡുപണികൾ-നാഷണൽ ഹൈവേ കടന്ന് പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിന്</u>

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവനറോഡുകളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയതായി ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 6.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-98-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - നാഷണൽ ഹൈവേകൾ- റോഡുപണികൾ-ദേശീയപാതയെനഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിട മരാമത്തു പണികൾ

ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കും കരമന - കളിയിക്കാവിള ദേശീയപാതയുടെ ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം-വഴിമുക്ക് റോഡിന്റെ വികസനത്തിനും മറ്റ് പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 23 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-96— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- നാഷണൽ ഹൈവേകൾ- റോഡുപണികൾ- ദേശീയപാതയിലെ ബൈപാസ്സുകളുടെ നിർമ്മാണം

ദേശീയപാതാ വിഭാഗത്തിൽ വരുന്ന പുതിയ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-95— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- നാഷണൽ ഹൈവേകൾ- റോഡുപണികൾ- കൊല്ലം-ആലപ്പുഴ- ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

കൊല്ലം ബൈപ്പാസ് നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായും ആലപ്പുഴ ദേശീയപാത ബൈപ്പാസിന്റെ പ്രവൃത്തികൾക്കായും ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-800-97— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- നാഷണൽ ഹൈവേകൾ- മറ്റ് ചെലവുകൾ- ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

വിവിധ സ്ഥലങ്ങളിലെ റോഡ് പണികൾക്കായി സ്ഥലം ഏറ്റെടുത്ത ഇനത്തിൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-800-99— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- നാഷണൽ ഹൈവേകൾ- മറ്റ് ചെലവുകൾ - ദേശീയപാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക്ക് സുരക്ഷിതത്വ നടപടികൾ

ദേശീയപാതയെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക്ക് സുരക്ഷിതത്വ പണികൾക്കായി ഈ ശീർഷകത്തിൽ 5.35 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-101-99-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ- പാലങ്ങൾ- സി.ആർ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം) - വൻകിട മരാമത്തുപണികൾ

രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 31.8 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-337-97-16 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡ് പണികൾ - സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം) - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക തുക നൽകുന്നതിനും പുതിയ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 400 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-03-337-98-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- സംസ്ഥാന പാതകൾ- റോഡ് പണികൾ- വികസനവും പരിഷ്കരണവും- വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സ്ഥലമേറ്റെടുക്കലിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച സംസ്ഥാന പാതകളുടെ പുനർനിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-99-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- പാലം പണികൾ- പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും- വൻകിട മരാമത്തുപണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സ്ഥലമേറ്റെടുക്കലിനുമായി ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-86-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ- മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ– പൊതുമരാമത്തു പണികൾ (പാലങ്ങൾ)-വൻകിട മരാമത്തുപണികൾ</u>

അഴിമാവ്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-99-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-റോഡ് പണികൾ-പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും-വൻകിട മരാമത്തുപണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ പുനർനിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 700 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-98-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും- റോഡ് പണികൾ- മറ്റു ജില്ലാതല റോഡുകൾ പുതിയ പണികൾ- വൻകിട മരാമത്തുപണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതിയ പ്രവൃത്തികൾക്കും വേണ്ടി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-97— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- റോഡ് പണികൾ- മറ്റ് ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-94-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- റോഡ് പണികൾ- റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ- വൻകിട മരാമത്തുപണികൾ

പുതുതായി ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-92— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- റോഡ് പണികൾ- മലയോര ഹൈവേ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-91-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- റോഡ് പണികൾ- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം- വൻകിട മരാമത്തുപണികൾ

പുതുതായി ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-89-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- റോഡ് പണികൾ- ശബരിമല റോഡ് പ്രോജക്ട് - വൻകിട മരാമത്തുപണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-80— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- റോഡ് പണികൾ- ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം</u>

വിവിധ ജില്ലകളുടെ എൽ.എ.ആർ. കേസുകളുടെ തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-79— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റ് റോഡുകളും- റോഡ് പണികൾ- കൊച്ചിയിൽ സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണം</u>

നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പേയ്മെന്റ് നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-004-98— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ- ഗവേഷണം- ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും</u>

ഡിസൈൻ ഓഫീസ്, കെ.എച്ച്.ആർ.ഐ. ക്വാളിറ്റി കൺട്രോൾ കാര്യാലയങ്ങളുടെ അടിസ്ഥാന വികസനം, ഉപകരണങ്ങൾ ലഭ്യമാക്കൽ, കമ്പ്യൂട്ടർ & സോഫ്റ്റ്വെയർ

ലഭ്യമാക്കൽ, പൈലറ്റിംഗ് പ്രോജക്റ്റ്സ്, ലാബിന്റെയും കെട്ടിടത്തിന്റെയും വിപുലീകരണം, ഓഫീസ് ഫർണിച്ചറുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-99— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ- റെയിൽവേ സുരക്ഷിതത്വ പണികൾ- റെയിൽവേ സുരക്ഷിതത്വ പണികൾ</u>

RBDCK യുടെ മേൽനോട്ടത്തിൽ കാഞ്ഞങ്ങാട്, ഫറോക്ക്, കാരിത്താസ് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 21 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-97— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജനറൽ- റെയിൽവേ സുരക്ഷിതത്വ പണികൾ- പുതിയ റെയിൽവേ മേൽപ്പാലത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ</u>

റെയിൽവേ മേൽപ്പാലങ്ങൾക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-337-88-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ- റോഡ് പണികൾ- പ്രളയബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം- വൻകിട മരാമത്തുപണികൾ</u>

പ്രളയബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനായും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കരാറുകാരുടെ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-82— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജനറൽ - മറ്റ് ചെലവുകൾ - പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്</u>

സംസ്ഥാന തലത്തിൽ വിവിധ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റ് നവീകരണം, സ്പാർക്ക്/ആധാർ അധിഷ്ഠിത ബയോമെട്രിക് ഹാജർ സംവിധാനം, GIS മാപ്പ് പരിഷ്കരണം എന്നിവ നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-81— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ മറ്റ് ചെലവുകൾ - റെയിൽവേ സുരക്ഷിതത്വ പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-71— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റ് ചെലവുകൾ- കൊച്ചിയിൽ സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണം

കൊച്ചിയിലെ സീ പോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായി ആകെ 34 കോടി രൂപ ആവശ്യമുള്ളതായും ആയതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടുന്നതൊഴിവാക്കി 5054-04-337-79 എന്ന ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 5 കോടി രൂപ എന്നത് 19 കോടി രൂപയാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. അപ്രകാരമുള്ള തിരുത്തൽ വരുത്തുവാനും അധിക തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാനും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

കഴിഞ്ഞ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്ലാൻ അലോക്കേഷൻ തുക, എത്ര തുക റിലീസ് ചെയ്തു, എത്ര രൂപയുടെ ബിൽ പെന്റിംഗുണ്ട് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

5054-80-800-69— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ- മറ്റ് ചെലവുകൾ- സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി

സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി കരമന-വെള്ളറട റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കും പാക്കേജ്-എ, പാക്കേജ്-ബി എന്നിവയുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കിയ നാല് റോഡുകളുടെ കൺസെഷണെയർമാർക്ക് കരാർ പ്രകാരം അന്വിറ്റി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 82.3982 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-68— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ -മറ്റ് ചെലവുകൾ- പി.പി.പി. (അന്വിറ്റി) നടപ്പാക്കൽ റോഡ് സംരക്ഷണം

RICK-ന്റെ മേൽനോട്ടത്തിൽ പാക്കേജ്-എ, പാക്കേജ്-ബി എന്നിവയിലായി പൂർത്തിയാക്കിയ നാല് റോഡുകളുടെ കൺസെഷണെയർമാർക്ക് കരാർ പ്രകാരം അന്വിറ്റി നൽകുന്നതിന് ഈ ശീർഷകത്തിൽ 12.5961 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**സമിതിയുടെ അധിക ശിപാർശ**

2020-21-ലെ ബഡ്ജറ്റിലെ RKI-യുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനത്തിനായി 5475-00-115-94-(03) (P) എന്ന കണക്ക് ശീർഷകത്തിൽ 250 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളുടെ പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ജർമ്മൻ ബാങ്കിന്റെ (KfW) ധനസഹായത്തോടുകൂടി 1800 കോടി രൂപ മതിപ്പ് ചെലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് ജർമ്മൻ ബാങ്കുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിനുള്ള തുക ധനാഭ്യർത്ഥന നമ്പർ XV പൊതുമരാമത്തിലെ കണക്ക് ശീർഷകത്തിൽ വകയിരുത്തി ചെലവഴിക്കുന്നതിന് ആവശ്യമായ New Service Procedure പാലിക്കുന്നതിനായി ആവശ്യമായ പ്രൊവിഷൻ ലഭ്യമാക്കണമെന്നും 2020-21 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.15-ന് പിരിഞ്ഞു.

## 20-02-2020-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2020 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ഡോ. വിശ്വാസ് മെഹ്ത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
3. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
4. ശ്രീമതി ആർ. ശ്രീലേഖ, ട്രാൻസ്പോർട്ട് കമ്മീഷണർ.
5. ശ്രീ. എൻ. പ്രശാന്ത്, മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.
6. ശ്രീ. എൻ. ശങ്കർ റെഡ്ഡി, റോഡ് സേഫ്റ്റി കമ്മീഷണർ.
7. ശ്രീ. കെ. നന്ദനൻ, ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ.
8. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്.
9. ശ്രീ. തിരുമാൻ അർച്ചുനൻ, ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.
10. ശ്രീമതി വി. ആർ. ശോഭ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
11. ഡോ. കെ. പ്രഭാകരൻ നായർ, പ്രിൻസിപ്പാൾ, ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
12. പ്രൊഫ. എം. ആർ. ശരത്ചന്ദ്രദാസ്, പ്രൊഫസർ ആന്റ് ഡീൻ, ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
13. ശ്രീമതി ജെ. റസീന ബീഗം, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
14. ശ്രീ. ആനന്ദ് ഇളമൺ, ചീഫ് ജനറൽ മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്.

15. ശ്രീ. വി. കെ. രാജു, കമ്പനി സെക്രട്ടറി, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.

16. ശ്രീമതി എസ്. അനന്തകുമാരി, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.

17. ശ്രീമതി പി. സി. സീന, ഡെപ്യൂട്ടി ജനറൽ മാനേജർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർത്ഥന നമ്പർ IX (വാഹന നികുതികൾ), XLI (ഗതാഗതം) എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ**

**2041 - വാഹന നികുതികൾ**

2041-00-001-99-04-1— <u>വാഹന നികുതികൾ- നടത്തിപ്പും ഭരണവും-ഭരണ ച്ചെലവുകൾ - യാത്രാ ചെലവുകൾ - യാത്രാ ബത്ത</u>

2041-00-001-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ ഓഫീസർമാരുടെയും ജീവനക്കാരുടെയും യാത്രാബത്ത, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത, ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ ചെയർമാൻമാരായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-3— <u>വാഹന നികുതികൾ- നടത്തിപ്പും ഭരണവും-ഭരണ ച്ചെലവുകൾ- ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u>

മോട്ടോർ വാഹന വകുപ്പിലെ ടെലിഫോൺ ചെലവ് ഇനത്തിൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-4— വാഹന നികുതികൾ- നടത്തിപ്പും ഭരണവും-ഭരണ ച്ചെലവുകൾ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചിരിക്കുന്നതിനാൽ മോട്ടോർ വാഹന നികുതി അടച്ചതിന് തെളിവായി നൽകേണ്ട ടാക്സ് ടോക്കൺ, വിവിധയിനം സേവനങ്ങൾക്ക് പൊതുജനം പണം അടയ്ക്കുമ്പോൾ നൽകുന്ന സുരക്ഷാ കോഡ് ഉൾപ്പെടുത്തിയ രസീത് എന്നിവയുടെ പ്രിന്റിംഗ് ചാർജ്ജ്, വകുപ്പിന് ആവശ്യമായ ഫർണിച്ചർ, സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് എന്നിവയ്ക്കുള്ള തുക തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-28— വാഹന നികുതികൾ- നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ- തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

പുതിയതായി നിയമനം നല്കിയിട്ടുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ അടുത്ത ബാച്ചിന്റെ ട്രെയിനിംഗിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-98-34-3— വാഹന നികുതികൾ- നടത്തിപ്പും ഭരണവും- ഫെയർ റിവിഷൻ കമ്മിറ്റി- മറ്റ് ചെലവുകൾ- മറ്റിനം

ഫെയർ റിവിഷൻ കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ചെലവിനങ്ങളിലേയ്ക്കായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-96— വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS

(Facility Management Service) ചാർജ്ജുകൾ നൽകുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മൊബൈൽ ആപ്പുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-04-1— <u>വാഹന നികുതികൾ- മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന- യാത്രാ ചെലവുകൾ - യാത്രാ ബത്ത</u>

സേഫ് കേരള പ്രോജക്ട് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-06— <u>വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന- മോട്ടോർ വാഹനങ്ങളുടെ പരിശോധന - വാടക, കരം, നികുതി</u>

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും വാടകയിനത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-21-2— <u>വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന- മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-45— <u>വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന- മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകപ്പിലെ എല്ലാ വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## XLI - ഗതാഗതം

### 3055 -റോഡ് ഗതാഗതം

3055-00-800-95— <u>റോഡ് ഗതാഗതം- മറ്റു ചെലവുകൾ- കേരള റോഡ് സുരക്ഷ ഫണ്ടിലേക്ക് മാറ്റൽ</u>

പ്രസ്തുത ശീർഷകം ചാർജ്ജ്ഡ് ഹെഡ് ഓഫ് അക്കൗണ്ടാണെന്നും റോഡ് സേഫ്റ്റി അതോറിറ്റിക്ക് അനുവദിക്കേണ്ട 450 കോടിയോളം രൂപ അനുവദിച്ചിട്ടില്ലായെന്ന് സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ പറയുന്നതായും 2.1497 കോടി അധികമായി വകയിരുത്തണമെന്നും ഗതാഗത വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ശീർഷകത്തിൽ 2015-16, 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചിരുന്നില്ലായെന്നും 2020 മാർച്ച് വരെ 716.84 കോടി രൂപ നിയമപരമായി ലഭിക്കേണ്ട തുകയായിരുന്നുവെന്നും ആയത് ലഭിച്ചില്ലായെന്നും 2.1497 കോടി രൂപയാണ് അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിലും 716.84 കോടി രൂപയാണ് അനുവദിച്ച് നൽകേണ്ടതെന്നും റോഡ് സേഫ്റ്റി കമ്മീഷണർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 716.84 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 3056 -ഉൾനാടൻ ജലഗതാഗതം

3056-00-001-98-01-4— <u>ഉൾനാടൻ ജലഗതാഗതം- ഭരണവും നടത്തിപ്പും- ഓപ്പറേഷൻ- ശമ്പളം- മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്</u>

നിലവിലെ കടിശ്ശിക ബില്ലുകൾ നൽകുന്നതിനും അടുത്ത വർഷത്തെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-02-5— <u>ഉൾനാടൻ ജലഗതാഗതം- ഭരണവും നടത്തിപ്പും- ഓപ്പറേഷൻ - വേതനം - ദിവസവേതനം</u>

ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-45— <u>ഉൾനാടൻ ജലഗതാഗതം- ഭരണവും നടത്തിപ്പും-ഓപ്പറേഷൻ - പി.ഒ.എൽ.</u>

വകുപ്പിന്റെ ഇന്ധനച്ചെലവുകൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-19— <u>ഉൾനാടൻ ജലഗതാഗതം- ഭരണവും നടത്തിപ്പും- അറ്റകുറ്റപ്പണികളും സംരക്ഷണവും- യന്ത്രോപകരണങ്ങൾ</u>

ഡ്രൈഡോക്ക്, സ്ലിപ്‌വേ സംവിധാനങ്ങൾക്ക് സ്പെയർ പാർട്ട്സുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-1— <u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും- മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ- വെള്ളക്കരം</u>

ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**3075 – മറ്റ് ഗതാഗത സർവ്വീസുകൾ**

3075-60-001-98-05-3— <u>മറ്റ് ഗതാഗത സർവ്വീസുകൾ- മറ്റുള്ളവ- ഭരണവും നടത്തിപ്പും - മേൽനോട്ടം - ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്</u>

ടെലിഫോൺ ചാർജ്ജ് കുടിശ്ശികയിനത്തിൽ ബി.എസ്.എൻ.എൽ-ന് നൽകുന്നതിനായി ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-21-2— <u>മറ്റ് ഗതാഗത സർവ്വീസുകൾ- മറ്റുള്ളവ-ഭരണവും നടത്തിപ്പും- മേൽനോട്ടം-മോട്ടോർവാഹനങ്ങൾസംരക്ഷണവും അറ്റകുറ്റ പണികളും</u>

വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി യാത്ര കൂടുതലാകുന്നതും വാഹനത്തിന്റെ കാലപ്പഴക്കവും കാരണം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവും മൂലം ഉള്ള അധിക ചെലവിനുമായി ഈ ശീർഷകത്തിൽ 45,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-45— <u>മറ്റ് ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ- ഭരണവും നടത്തിപ്പും- മേൽനോട്ടം - പി.ഒ.എൽ.</u>

പി.ഒ.എൽ. ഇനത്തിലുള്ള കടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 27,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-800-97— <u>മറ്റ് ഗതാഗത സർവ്വീസുകൾ- മറ്റുള്ളവ- മറ്റ് ചെലവുകൾ- ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം</u>

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ 555 കിലോമീറ്ററോളം ഭാഗം ജലഗതാഗതത്തിന് പര്യാപ്തമായതിനാൽ കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-800-87(01)— <u>മറ്റ് ഗതാഗത സർവ്വീസുകൾ- മറ്റുള്ളവ- മറ്റ് ചെലവുകൾ- ഉൾനാടൻ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിധി- ഉൾനാടൻ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിധി</u>

ജലപാതകൾ വഴിയുള്ള ചരക്ക് ഗതാഗതം പ്രാരംഭ ദശയിലായതിനാൽ കാർഗോ സബ്സിഡി നിലനിൽക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5055 - റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5055-00-050-98— <u>റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- മോട്ടോർ വാഹന വകുപ്പ് റോഡ് ഗതാഗതം- വാഹന പരിശോധനാകേന്ദ്രങ്ങൾ</u>

Institute of Driving Training and Research (IDTR)-ന്റെ കീഴിൽ ഷാർജാ മോഡൽ ഡ്രൈവിംഗ് സ്കൂൾ മലപ്പുറത്ത് ആരംഭിക്കുന്നതായി ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിക്ക് വിദേശത്ത് നിന്നുള്ള നിക്ഷേപം സ്വീകരിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വിദേശ നിക്ഷേപം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമുള്ളതായും അവർ അതിന് Return of Investment (ROI) ചോദിക്കുന്നതായും ട്രാൻസ്പോർട്ട് കമ്മീഷണർ മറുപടി നൽകി.

ഷാർജാ മോഡൽ ഡ്രൈവിംഗ് സ്കൂളിന് 21-2-2020-നാണ് 35.42 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതെന്നും ആയതിനുള്ള ധനപുനഃവിനിയോഗ അപേക്ഷ ധനകാര്യ വകുപ്പിന് കൊടുത്തിട്ടുള്ളതായും ട്രാൻസ്പോർട്ട് കമ്മീഷണർ കൂട്ടിച്ചേർത്തു.

ഇന്റർനാഷണൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക് കം ഡ്രൈവർ കോച്ചിംഗ് സെന്റർ എന്ന പദ്ധതിക്കും നിലവിലുള്ള വെഹിക്കിൾ ടെസ്റ്റിംഗ് സെന്ററുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും പുതുക്കിപ്പണിയുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15.44 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5055-00-190-99(01)— <u>റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിക്ഷേപങ്ങൾ- കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് നവീകരണവും ഇൻഫ്രാസ്ട്രക്ച്ചർ വികസനവും</u>

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ ബസ് വേഗത്തിൽ അറ്റകുറ്റപ്പണി നടത്തി നിരത്തിലിറക്കേണ്ടതുണ്ടെന്നും അതിനായി 17.7 കോടി രൂപ വകയിരുത്തണമെന്നും നിലവിൽ 84 ശതമാനമുള്ള ഫ്ലീറ്റ് യൂട്ടിലൈസേഷൻ 95 ശതമാനമായി ഉയർത്തുവാൻ സാധിക്കുമെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ബസ് വാങ്ങുമ്പോൾ Chassis വാങ്ങണമെന്നുള്ള പത്രവാർത്തയെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 'full body built bus' വാങ്ങുന്നതിന് മാത്രമാണ് കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

വർക്ക്ഷോപ്പുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ടൂൾസ് വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 17.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5055-00-190-99(02)— റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിക്ഷേപങ്ങൾ- കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ്ണമായ കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസ് നടപ്പാക്കലും

കേരളത്തിലാണ് ആദ്യമായി എല്ലാ കെ.എസ്.ആർ.ടി.സി. വാഹനങ്ങളിലും ജി.പി.എസ്. നടപ്പിലാക്കിയതെന്നും രണ്ട് ലക്ഷം വാഹനങ്ങൾ വരെ ഓൺലൈൻ സംവിധാനത്തിലൂടെ നിരീക്ഷിക്കാൻ സാധിക്കുമെന്നും പ്രസ്തുത വാഹനങ്ങൾ ഇന്ത്യയിൽ എവിടെ സഞ്ചരിച്ചാലും ഓവർ സ്പീഡിൽ പോകുകയാണെങ്കിൽ ഓട്ടോമാറ്റിക്കായി ചെല്ലാൻ ജനറേറ്റ് ചെയ്യുന്നതാണെന്നും എല്ലാ ബസുകളിലും മാർച്ച് മാസത്തോടുകൂടി ജി.പി.എസ്. നിർബന്ധമാക്കുമെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ബസിൽ എത്രപേർ യാത്ര ചെയ്യുന്നുണ്ട്, എത്രപേർക്ക് ടിക്കറ്റ് നൽകി തുടങ്ങിയ വിവരങ്ങൾ അറിയുവാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞപ്പോൾ ടിക്കറ്റിന്റെ വിവരങ്ങൾ അറിയുവാൻ സാധിക്കുമെന്നും പി.ഒ.എസ്. മെഷീനാക്കിയതിനാൽ ബാങ്ക് വഴിയാണ് വിവരങ്ങൾ പോകുന്നതെന്നും അതിനാൽ മുൻപത്തെ പോലെ ടിക്കറ്റ് മെഷീനിൽ കറക്ഷൻ ചെയ്യാൻ സാധിക്കില്ലെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. Integrated Passenger Information System, e-ticketing, കാർഡ് സിസ്റ്റം, കണ്ടക്ടർ രഹിത ബസ് സർവ്വീസ് എന്നിവ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നതായും ജലഗതാഗതം, റെയിൽ, റോഡ്, മെട്രോ എന്നിവയിലെല്ലാം ഒറ്റ കാർഡുപയോഗിച്ച് സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനമൊരുക്കുന്നതുമായി ബന്ധപ്പെട്ട് നിയമ വകുപ്പിലേക്ക് ഫയൽ അയച്ചിട്ടുള്ളതായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

കഴിഞ്ഞ വർഷം ഗോൾഗാട്ടിയിൽ വച്ച് നടന്ന ഇൻവെസ്റ്റേഴ്സ് മീറ്റിൽ പ്രതിപാദിച്ച തരത്തിൽ കൊച്ചിയിലെ നിലവിലുള്ള സംവിധാനം വികസിപ്പിക്കുന്നതിനും കമ്പനിയാക്കുന്നതിനും തീരുമാനിക്കുകയാണെങ്കിൽ സർക്കാർ, വിഹിതം നൽകേണ്ടി വരില്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ കെ.എസ്.ഐ.ഡി.സി. വിഹിതം നൽകുന്നുണ്ടെന്നും ഈ പദ്ധതി നടപ്പാകുമെങ്കിൽ മൊത്തം പ്രവർത്തനച്ചെലവ് ഡീസലിനെക്കാൾ ലാഭമായിരിക്കുമെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30.618 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5055-00-800-79— റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- മറ്റ് ചെലവുകൾ - വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

കാലാവധി എത്തുന്നത്മൂലം മാറ്റേണ്ടതായ എല്ലാ ബസുകൾക്കും പകരമായി ബസ് വാങ്ങുന്നതിനും വാഹനവ്യൂഹത്തിന്റെ പരിഷ്കരണത്തിനും ഇലക്ട്രിക് ബസ് ഓടിക്കുന്നതിനുള്ള viability gap fund ഇനത്തിലുമായി ഈ ശീർഷകത്തിൽ 175.92 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5056 -ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5056-00-190-90— ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കൊച്ചി സംയോജിത ജലഗതാഗത പദ്ധതി

കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 451.635 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5075 – മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്**

5075-60-190-96— മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ- പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചാലുടനെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 99.995 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-190-94(01)— മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്- മറ്റുള്ളവ- പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ- കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ

## കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്

ലൈറ്റ് മെട്രോ കേരളത്തിൽ വേണമോയെന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ ലൈറ്റ് മെട്രോ വേണമെന്ന് തീരുമാനമെടുത്തിട്ടുള്ളതായും 2017-ലാണ് ഡി.എം.ആർ.സി. ഇത് സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയതെന്നും തുടർന്ന് ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചതായും സംസ്ഥാന സർക്കാരിന് എത്ര തുക നൽകുവാൻ സാധിക്കുമെന്നും മറ്റുമുള്ള കാര്യങ്ങൾ ചർച്ച ചെയ്തതായും 2019 ജൂണിൽ കെ.ആർ.റ്റി.എൽ. ബോർഡ് തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ചിട്ടുള്ളതായും പൊതുമരാമത്ത് സെക്രട്ടറി മറുപടി നൽകി.

തിരുവനന്തപുരത്തെ ടെക്നോപാർക്ക് വരെയുള്ള റൂട്ട് ആദ്യം അലൈൻമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നുവെന്നും അതിനായി ഹൈദരാബാദിലുള്ള കമ്പനി പ്രാഥമിക പഠനം നടത്തി നിലവിലുള്ള റൂട്ടിനെ ടെക്നോപാർക്കുമായി ബന്ധിപ്പിക്കുന്നതിന് സാദ്ധ്യതാ റിപ്പോർട്ട് കൊടുത്തിട്ടുള്ളതായും ലൈറ്റ് മെട്രോ പദ്ധതിക്കായി ബഡ്ജറ്റിൽ ഒരു ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളുവെന്നും പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് കൺസൾട്ടൻസിക്ക് 15 കോടി രൂപ അധികമായി കണ്ടെത്തേണ്ടതുണ്ടെന്നും 3 കോടി രൂപയാണ് കമ്പനിയുടെ ഭരണച്ചെലവിനായി നീക്കിവച്ചിട്ടുള്ളതെന്നും ഉള്ളൂർ, ശ്രീകാര്യം, പട്ടം എന്നിവിടങ്ങളിൽ മൂന്ന് മേൽപ്പാലങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും കെ.ആർ.റ്റി.എൽ.-ന് കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്നതായും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്ന് സമിതി ആരാഞ്ഞപ്പോൾ തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് 4,773 കോടി രൂപയും കോഴിക്കോടിന് 2,773 കോടി രൂപയുമാണ് പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്നതെന്ന് പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൺസൾട്ടൻസിക്ക് എത്രയാണ് ചാർജ്ജെന്ന് സമിതി ആരാഞ്ഞപ്പോൾ മൊത്തം ചെലവിന്റെ ഒരു ശതമാനമാണ് കൺസൾട്ടൻസി ചാർജ്ജെന്നും നിലവിലുള്ള മെട്രോ പോളിസി പ്രകാരം ഡി.പി.ആർ. കൊടുത്ത് അതിനുള്ള അനുമതി പ്രതീക്ഷിച്ചിരിക്കുകയാണെന്നും പദ്ധതിയുമായി മുന്നോട്ട് പോകാനുള്ള നിർദ്ദേശം ലഭിക്കുകയാണെങ്കിൽ ഡി.എം.ആർ.സി.-യെയോ മറ്റേതെങ്കിലും സ്ഥാപനത്തെയോ കൺസൾട്ടൻസിയായി നിയമിക്കേണ്ടിവരുമെന്നും പൊതുമരാമത്ത് സെക്രട്ടറി മറുപടി നൽകി.

സെൻട്രൽ ആക്ടിൽ കൺസൽട്ടൻസി തുകയെക്കുറിച്ച് പറയുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ ആക്ടിൽ 'വാല്യു ക്യാപ്ച്ചർ ഫിനാൻസ്' - നെക്കുറിച്ച് പറയുന്നതായും മെട്രോ പദ്ധതിയുടെ ഗുണം ലഭിക്കുന്ന ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങൾക്ക് ചില നികുതി നിർദ്ദേശങ്ങളാണ് പറഞ്ഞിട്ടുള്ളതെന്നും പ്രസ്തുത കാര്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയവുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നതെന്നും അതനുസരിച്ച് സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ.-ന് ഈ വർഷം അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികൾക്കും കൺസൽട്ടൻസി ഫീസിനത്തിലും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 56.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-190-93— <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ</u>

അർദ്ധ അതിവേഗ റെയിൽ പാത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടിക്ക് കേന്ദ്ര സർക്കാരിൽ നിന്നും തത്ത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം ഡി.പി.ആർ. തയ്യാറാക്കി സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഡി.പി.ആർ. കിട്ടിയാൽ അത് സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയയ്ക്കണമെന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കണമെന്നും ആയതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസിനും നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾക്കും ഭൂമി ഏറ്റെടുക്കലിനുമായി 5100 കോടി രൂപ അധികമായി അനുവദിക്കണമെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പദ്ധതിക്ക് സാങ്കേതികമായി തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത പദ്ധതിക്ക് 'മെഗാ പ്രോജക്ട്സ്' എന്ന ഹെഡ്ഡിൽ നിന്നാണ് തുക അനുവദിക്കുന്നതെന്നും കേരളത്തിലെ ഏറ്റവും വലിയ പദ്ധതിയായ ഇത് നടപ്പിലാക്കുകയാണെങ്കിൽ റോഡ് അപകടങ്ങൾ കുറയ്ക്കുവാൻ സാധിക്കുമെന്നും ഓരോ സ്റ്റേഷന്റെയും അടുത്ത് Logistics Parks ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതായും കമ്പനിക്ക് 7000 കോടി രൂപയെങ്കിലും വാല്യു കാപ്ച്ചർ വഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

അർദ്ധ അതിവേഗ റെയിൽപാത (സിൽവർ ലൈൻ) പദ്ധതിയുമായി ബന്ധപ്പെട്ട് പ്രീഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസിനും നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾക്കും ഭൂമി ഏറ്റെടുക്കലിനുമായി ഈ ശീർഷകത്തിൽ 5100 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-86— <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ-മറ്റ് ചെലവുകൾ-ദേശീയ ജലപാത III യുമായി അനുബന്ധ കനാലുകളെ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി (ആർ.ഐ.ഡി.എഫ്.)</u>

NABARD-RIDF-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിയിട്ടുള്ള മുഴിക്കൽ നാവിഗേഷൻ ലോക്ക്, വെളിയംകോട് നാവിഗേഷൻ ലോക്ക് എന്നീ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83— <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റ് ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി</u>

കൊച്ചി മെട്രോയുടെ വിവിധ നികതി ഇളവ്/കീഴ്ച്ചടം ഇനത്തിലും വിവിധ ഘട്ടങ്ങളുടെ പ്രാരംഭ അനുബന്ധ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 749.7818 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-66— <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റ് ചെലവുകൾ-കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ</u>

തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽ പദ്ധതി എന്നീ രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി കൂർഗ് വഴി നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ കൂർഗിൽ ഉള്ളവർ തടസ്സം ഉന്നയിക്കുകയാണുണ്ടായതെന്നും കർണ്ണാടക സർക്കാരുമായി മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും ചർച്ച നടത്തുന്നതായും നിലമ്പൂർ- നഞ്ചൻഗുഡ് വഴിയുള്ള പാതയ്ക്കും കർണ്ണാടക സർക്കാർ അനുമതി നൽകിയിട്ടില്ലെന്നും സംയുക്ത യോഗം വിളിച്ചിട്ടുണ്ടെന്നും ഏതെങ്കിലും ഒരു പാത ലഭിച്ചാൽ പശ്ചിമഘട്ടത്തിൽ ഒരു തുടക്കം കിട്ടുമെന്നും പ്രസ്തുത പദ്ധതികൾക്കായി സർവ്വേ നടപടികളും വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കുന്നതിനായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽ പദ്ധതി എന്നിവയുടെ സർവ്വേ നടപടികൾക്കും വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**7055 - റോഡ് ഗതാഗതത്തിനുള്ള വായ്പകൾ**

7055-00-190-99--- <u>റോഡ് ഗതാഗതത്തിനുള്ള വായ്പകൾ- പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ</u>

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും കൃത്യമായി നൽകുവാൻ സാധിക്കുന്നുണ്ടെന്നും പെൻഷന് മാത്രമായി ഒരു മാസം ഏകദേശം 62 കോടി രൂപ ആവശ്യമുള്ളതായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പ എടുത്തതിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്ത വായ്പ ആറ് മാസം കഴിയുമ്പോൾ 10 ശതമാനം പലിശയോടുകൂടി തിരിച്ചടയ്ക്കണമെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള മുഴുവൻ സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും ആസ്തി സംബന്ധിച്ച് രണ്ട് വർഷം മുമ്പ് നടത്തിയ കണക്കെടുപ്പിനെപ്പറ്റി സമിതി ആരാഞ്ഞപ്പോൾ 98 ഡിപ്പോകളുടെയും ഭൂമിയുടെ വാല്യൂ ക്യാപ്ച്ചർ ചെയ്യുന്നതിനും ജീവനക്കാരുടെ ശമ്പളവും മറ്റും കണക്കാക്കുന്നതിനും നഷ്ടം കണ്ടെത്തുന്നതിനുമായി 3 റീജിയണുകളിൽ കൺസൾട്ടന്റുകളെ നിയമിച്ചിട്ടുള്ളതായും അവർ ജോലി ആരംഭിച്ചിട്ടുള്ളതായും കുറഞ്ഞത് 4 ഏക്കറോ അതിൽ കൂടുതലോ ഭൂമി ഉണ്ടെങ്കിൽ എയർപ്പോർട്ടുകളുടെ മാതൃകയിൽ ബസ് പോർട്ടിനും വാണിജ്യ കെട്ടിടവും 30 വർഷത്തെ പാട്ടത്തിന് നൽകാമെന്നും അപ്രകാരമുള്ള വരുമാനം കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനച്ചെലവിനായി ഉപയോഗിക്കാമെന്നമാണ് കൺസൾട്ടന്റ് പറയുന്നതെന്നും ബസ് പോർട്ടുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ ഈഞ്ചയ്ക്കലിനെ ഉൾപ്പെടുത്തിയിട്ടുള്ളതായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തിരുവനന്തപുരത്ത് തമ്പാനൂരിൽ നിർമ്മിച്ച കെട്ടിടത്തിൽ ഉപയോഗശൂന്യമായ നിരവധി സ്ഥലം ഉണ്ടെന്ന് സമിതി വിലയിരുത്തിയപ്പോൾ മാർക്കറ്റ് സ്റ്റഡി ഇല്ലാതെയാണ് അതിന്റെ നിർമ്മാണം നടത്തിയതെന്നും ഇപ്പോൾ മിക്കവാറും സ്ഥലവും ഒക്കുപൈ

ചെയ്തിട്ടുള്ളതായും കോഴിക്കോട് ഡിപ്പോ കോംപ്ലക്സിലെ എല്ലാ സ്ഥലവും ഒരു കക്ഷി തന്നെ ഏറ്റെടുത്തതിനാൽ തുക അടയ്ക്കുന്നതിൽ കുറച്ച് കാലതാമസം നേരിട്ടുവെന്നും അങ്കമാലിയിൽ കുറച്ച് സ്ഥലം മാത്രമേ ഒക്കുപൈ ചെയ്യാനുള്ളുവെന്നും തിരുവല്ലയിൽ കെട്ടിട നമ്പർ ലഭിക്കുന്നതിൽ കാലതാമസമുണ്ടായതിനാൽ ഒക്കുപ്പൻസി വളരെ കുറവാണെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

റെന്റ് ആക്ട് പ്രകാരം വർഷംതോറും വാടക വർദ്ധിപ്പിക്കണമെന്ന് കരാറിൽ സൂചിപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ അത് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പി.പി.പി. മോഡലിൽ എയർപോർട്ട് മാതൃകയിൽ ബസ് പോർട്ട് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തിനും കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷനും നൽകുന്നതിനായി ഈ ശീർഷകത്തിൽ 220 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ഉൾനാടൻ ജലഗതാഗതം**

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

കോസ്റ്റൽ ഷിപ്പിംഗിനുള്ള പി.ഒ.എൽ. ബാർജ്, ആസിഡ് കാരിയർ ബാർജ്, ഫെറി ടെർമിനൽ എന്നിവയുടെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലായെന്ന് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

**26-2-2020-ലെ യോഗനടപടിക്കുറിപ്പ്**

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2020 ഫെബ്രുവരി 26-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.
2. ശ്രീ. വി. ആർ. സുനിൽ കുമാർ, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XV -പൊതുമരാമത്ത്**

**സമിതിയുടെ അധിക ശിപാർശ**

പ്രസ്തുത ശിപാർശയിലെ പതിനൊന്നാമത്തെ വരിയിൽ 500 കോടി രൂപ എന്നതിനുശേഷം 'അധികമായി' എന്ന വാക്ക് കൂടി ചേർക്കാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന XLI -ഗതാഗതം**

**3055 -റോഡ് ഗതാഗതം**

3055-00-800-95— <u>റോഡ് ഗതാഗതം-മറ്റ് ചെലവുകൾ-കേരള റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് മാറ്റൽ</u>

പ്രസ്തുത ശീർഷകത്തിലെ ശിപാർശ താഴെപ്പറയും പ്രകാരം മാറ്റം വരുത്താൻ തീരുമാനിച്ചു.

"2008-09 മുതൽ വാഹനങ്ങളിൽ നിന്നും ഒറ്റത്തവണയായി പിരിച്ചെടുത്ത സെസ്സ്, 1988-ലെ കേരള മോട്ടോർ വാഹന ആക്ട് 200-ാം വകുപ്പ് പ്രകാരം ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ 50% എന്നീ ഇനങ്ങളിലായി സർക്കാരിന്റെ സഞ്ചിതനിധിയിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും 716.8466 കോടി രൂപ ചാർജ്ജ്ഡ് ഹെഡ് വഴി റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 93.3317 കോടി രൂപ മാത്രമാണ്. ആതിനാൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ഈ ശീർഷകത്തിൽ നിയമാനുസൃതം ലഭിക്കേണ്ട ബാക്കി തുകയായ 623.5149 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.